മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*481)

ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം പദ്ധതി

1(*481) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. വി. ജോയി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ജനസമൂഹത്തിന്റെ വികസനം സാധ്യമാക്കി രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനമെന്ന ലക്ഷ്യത്തിലധിഷ്ഠിതമായി ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതുമേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്കും സംരംഭകർക്കും നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) 15-09-2023-ലെ സ.ഉ.(സാധാ) നം.940/2023/വ്യവ. പ്രകാരം ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം എന്ന പദ്ധതിയുടെ മാർഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ഒരു തദ്ദേശസ്ഥാപനത്തിന് പരമാവധി 50,000/- രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. ഈ സഹായം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് മുൻകൂറായി 50 ശതമാനം തുക.
2. തദ്ദേശ സ്ഥാപന കൗൺസിലിൽനിന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. പൂർത്തിയാക്കിയതിനുശേഷം ബാക്കി 50 ശതമാനം തുക.

ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ പ്രസ്തുത ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ഏജൻസിയുടെ തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെ മൂല്യവർധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യത പഠിച്ച് വിശദമായ പദ്ധതിരേഖ ഉണ്ടാക്കുക, തുടർന്ന് പ്രാദേശിക സാമ്പത്തിക വികസന ഫണ്ട് ഉപയോഗിച്ച് അവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയെന്നുള്ളതാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപന്നം എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. ഓരോ തദ്ദേശസ്ഥാപനത്തിലും അവിടത്തെ

പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതിരേഖയുടെ മേഖല വ്യത്യാസമായിരിക്കുന്നതാണ്.

(സി) ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം എന്ന പദ്ധതി തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഒരു തദ്ദേശസ്ഥാപനത്തിന് പരമാവധി 50,000/- രൂപയാണ് വ്യവസായ വകുപ്പ് സാമ്പത്തിക സഹായമായി നൽകുന്നത്. ഈ പദ്ധതിവഴി സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നില്ല. എങ്കിലും സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ സംരംഭകർക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വ്യവസായങ്ങൾ കൂടുതൽ ആകർഷകമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വ്യവസായങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളിലൊന്നാണ് ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം (One Local body One Product-OLOP) എന്ന പദ്ധതി. തദ്ദേശസ്ഥാപനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന ഉയർന്ന വിപണിസാധ്യതയുള്ള ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നുനടത്തുന്ന സംയുക്ത പദ്ധതിയാണിത്. ആഗോളവിപണിയിൽ തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായിട്ടുള്ള വിഭവങ്ങൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് One Local body One Product-OLOP. മുമ്പുപറഞ്ഞതുപോലെ ഇതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ആകെ നൽകുന്ന 50,000/- രൂപയിൽ 50 ശതമാനം തുക ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഡി.പി.ആർ. തയ്യാറായതിനുശേഷം തദ്ദേശ സ്ഥാപന കൗൺസിലിന്റെ ശിപാർശയുടെ

അടിസ്ഥാനത്തിൽ ബാക്കിയുള്ള 50 ശതമാനം തുക നൽകുകയും ചെയ്യും. അതുപോലെതന്നെ തദ്ദേശസ്ഥാപനതലത്തിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ ഒരു പദ്ധതിയാണ് 'സംരംഭക വർഷം'. ടി പദ്ധതിയുടെ ഭാഗമായി മൂന്നര ലക്ഷത്തോളം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് തദ്ദേശസ്ഥാപനങ്ങൾക്ക് ഇന്റേണുകളുടെ സേവനം ലഭ്യമാക്കുകയുണ്ടായി. കേരളത്തിൽ സംരംഭക വർഷത്തിന്റെ ഭാഗമായി ശരാശരി 250-ൽപ്പരം സംരംഭങ്ങൾ ഓരോ തദ്ദേശസ്ഥാപനത്തിനും ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. പുതുസംരംഭങ്ങളുടെ ഉടമകളായ സംരംഭകരെയും നേരത്തെമുതൽ പ്രവർത്തിച്ചുവരുന്ന സംരംഭകരെയും ചേർത്തുകൊണ്ട് 'സംരംഭക സഭ' കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭക സഭ രൂപീകരിക്കാൻ അവശേഷിക്കുന്ന 8 തദ്ദേശസ്ഥാപനങ്ങളിൽ 2025 മാർച്ച് മാസം 27-ാം തീയതിയോടുകൂടി രൂപീകരിക്കുകയും ചെയ്യും.

ശ്രീ. എൻ. കെ. അക്ബർ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച സംരംഭക സഭ കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള ആലോചനയുണ്ടോ, പദ്ധതിയുണ്ടോ, വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും. സംരംഭക വർഷത്തിന്റെ തുടർച്ചയായാണ് സംരംഭക സഭ വന്നത്. സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾക്ക് മുന്നോട്ടുപോകുന്നതിനുള്ള പിന്തുണയും സഹായങ്ങളും നൽകുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് സംരംഭക സഭ രൂപീകരിച്ചത്. 1026 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സംരംഭക സഭ രൂപീകരിച്ചിട്ടുള്ളത്, ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാർച്ച് മാസം 27-ാം തീയതിക്കുള്ളിൽ രൂപീകരിക്കുകയും ചെയ്യും. സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയെന്നതാണ് ഇതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. അതുപോലെ വിവിധ ആവശ്യങ്ങളായ ലോൺ, ലൈസൻസ്, സബ്സിഡി, ഇൻഷ്വറൻസ് എന്നിവ നിറവേറ്റുന്നതിലേക്കായി പ്രാദേശിക ബാങ്കുകൾ, ഇൻഷ്വറൻസ്

സേവനദാതാക്കൾ എന്നിവരുമായി സഹകരിക്കുന്നതിന് എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക, തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രാദേശിക സാമ്പത്തിക വികസന (Local Economic Development) പദ്ധതി, മാർക്കറ്റിങ് സഹായ പദ്ധതി എന്നിവയെക്കുറിച്ച് പഞ്ചായത്തുതലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക എന്നിവയൊക്കെ സംരംഭക സഭയുടെ ലക്ഷ്യങ്ങളാണ്. പൊതുവായി സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരനടപടികളും നിർദേശങ്ങളും കണ്ടെത്തുന്നതിന് സംരംഭകർ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദാഹരണമായി കെ.എസ്.ഇ.ബി., മൈനിങ് ആൻഡ് ജിയോളജി, ലേബർ, പരിസ്ഥിതി, ഐ.സി.എ.ഐ., ലീഡ് ബാങ്ക്, സഹകരണബാങ്ക്, മറ്റുബാങ്കുകൾ തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയെന്നതും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു. സംരംഭക സഭയിൽനിന്നും ലഭിച്ച നിർദേശങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ഇതിൽ നയപരമായ തീരുമാനങ്ങളെടുക്കേണ്ട നിർദേശങ്ങൾ പരിശോധിച്ച് സർക്കാർതലത്തിൽ തീരുമാനമെടുക്കുകയും ചെയ്യും. വളരെ പ്രാധാന്യത്തോടെ

കാണുന്ന സംരംഭക സഭയ്ക്ക് വലിയ ഉദ്ദേശ്യലക്ഷ്യങ്ങളാണുള്ളത്. സംരംഭക വർഷത്തിന്റെ തുടർച്ചയായി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിക്കുന്ന വിവിധ നടപടികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചുവടുവയ്പ്പാണ് സംരംഭക സഭ.

ശ്രീ. വി. ജോയി: സർ, വ്യവസായ വകുപ്പിന്റെ പ്രധാനപ്പെട്ട ഒരു പദ്ധതിയായ സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളിലെ നിക്ഷേപം, തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സംരംഭക വർഷത്തിന്റെ ഭാഗമായി 3,51,209 സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്. ഇതുവഴി 22,526 കോടി രൂപയുടെ നിക്ഷേപവും 7,45,274 തൊഴിലുമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 3,51,209 സംരംഭങ്ങൾ ആരംഭിച്ചതിൽ 1,11,881 എണ്ണവും ആരംഭിച്ചത് വനിതകളാണെന്നതാണ് എറ്റവും വലിയ സവിശേഷത. സംരംഭകത്വത്തിലേക്ക് വലിയ തോതിൽ വനിതകളെ കൊണ്ടുവരാൻ കഴിഞ്ഞ ഒരു ജെൻഡർ മാനംകൂടി സംരംഭക വർഷം എന്ന പദ്ധതിക്കുണ്ടെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഏകദേശം 40 ശതമാനത്തോളം വനിതകളാണ്

സംരംഭകരായി രംഗത്തെത്തിയിട്ടുള്ളത്. അതുപോലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽനിന്നും 40 സംരംഭങ്ങളും സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനായിരുന്നു ലക്ഷ്യമിട്ടത്. അതിന്റെ സ്ഥാനത്താണ് നമുക്ക് 3,51,209 സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചത്. തദ്ദേശസ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് നൽകിയ ഇന്റേണുകളുടെ സേവനംകൂടി ഉപയോഗിച്ചിട്ടാണ് സംരംഭക വർഷം വളരെ വിജയകരമായി നടപ്പാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ എം.എസ്.എം.ഇ. (സൂക്ഷ്മ-ചെറുകിട-ഇടത്തരം) വ്യവസായ മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി തിരഞ്ഞെടുത്തത് സംരംഭക വർഷത്തെയാണ്. ലോകത്തിലെ പ്രധാനപ്പെട്ട അഡ്മിനിസ്ട്രേഷൻ ബോഡിയായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ ഈ പദ്ധതിയെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷനായി തിരഞ്ഞെടുത്ത കാര്യവും ഈ സഭയെ ഒരിക്കൽക്കൂടി അറിയിക്കുകയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, തദ്ദേശീയമായ ഗുണനിലവാരമുള്ള

ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതും വിപണം നടത്തുന്നതും ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംരംഭകർക്കിടയിൽ വളരെയധികം സ്വീകാര്യത നേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂൾ വിദ്യാർഥികളിൽ സംരംഭകത്വ ശീലം വളർത്തുന്നതിനായി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം വളർത്തുകയെന്നത് വളരെ പ്രധാനപ്പെട്ട ആശയവും നിർദേശവുമാണ്. സംസ്ഥാന സർക്കാർ ഇതിനോടകം വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം വളർത്തുന്നതിനാവശ്യമായ ചില നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പോലെയുള്ള ആശയങ്ങൾ വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം വളർത്താനുദ്ദേശിച്ചുകൊണ്ട് മാത്രമുള്ളതല്ല, വ്യാവസായിക ആവശ്യങ്ങൾക്കുള്ള സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുകയെന്നതുകൂടി കണക്കിലെടുത്താണ് കൊണ്ടുവന്നത്. വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി

സംരംഭക ക്ലബുകൾ പോലെയുള്ള ആശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയോടെല്ലാം വളരെ ക്രിയാത്മകമായ സമീപനമാണ് സർക്കാരിനുള്ളത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിനും ഭൂമി ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ആവിഷ്കരിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്, കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ഉന്നയിച്ചത്. ഭൂമി ലഭ്യതയാണ് കേരളത്തിൽ വ്യവസായ വളർച്ചയ്ക്കും വികസനത്തിനും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ആ വെല്ലുവിളിയെ അഭിസംബോധന ചെയ്യാൻ ധാരാളം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വ്യവസായത്തിന് ഒരു കുതിപ്പ് നൽകാൻ കൂടുതൽ ഭൂമി കണ്ടെത്തേണ്ടതുണ്ട്. അതിന്, കുറഞ്ഞപക്ഷം പത്ത് ഏക്കർ സ്ഥലമുള്ള കമ്പനികൾ, കോർപ്പറേറ്റീവുകൾ, ചാരിറ്റബിൾ സൊസൈറ്റികൾ, പാർട്ണർഷിപ്പ് തുടങ്ങിയ entity-കൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക്

സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് entity, ഫാമിലി എന്നിവയ്ക്കുപുറമെ വ്യക്തികൾക്കുകൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലമുള്ളവർക്കും മുപ്പത് വർഷമോ അതിലധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമിയുള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിലും പ്രത്യേകം ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതാണ്. പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ ബിൽഡിങ് പെർമിറ്റ് നൽകുന്നത് ഈ ഏകജാലക ക്ലിയറൻസ് ബോർഡായിരിക്കും. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് The Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകും. കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ഇ.ടി.പി. (Effluent Treatment Plant), സി.ഇ.ടി.പി. (Common Effluent

Treatment Plant) തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിങ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഏക്കറിന് മുപ്പത് ലക്ഷം രൂപ നിരക്കിൽ പരമാവധി മൂന്ന് കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീഇംബേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഭൂമി, ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ (ESA), കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ), കേരള കൺസർവേഷൻ ഓഫ് പാഡി ലാൻഡ് ആൻഡ് വെറ്റ്ലാൻഡ് ആക്റ്റ്, 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ഈ പദ്ധതിയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കുന്ന പൂർണ്ണമായിട്ടുള്ള

അപേക്ഷകൾ സർക്കാർതലത്തിൽ ഏഴ് വകുപ്പുതല സെക്രട്ടറിമാരടങ്ങുന്ന ഉന്നത സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനമെടുക്കുകയാണ് പതിവ്. പ്രസ്തുത സമിതിയുടെ ചെയർമാൻ വ്യവസായ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയും കൺവീനർ വ്യവസായ വാണിജ്യ ഡയറക്ടറുമാണ്. ഫിനാൻസ്, റവന്യൂ, ലോക്കൽ സെൽഫ് ഗവൺമെന്റ്, വാട്ടർ റിസോഴ്സസ്, പവർ, എൻവയോൺമെന്റ് വകുപ്പുകളിലെ സെക്രട്ടറിമാരാണ് മറ്റംഗങ്ങൾ. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയിൽ 33 പേർക്ക് ഡെവലപ്പർ പെർമിറ്റ് അംഗീകാരം ഇതിനകം നൽകിയിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം' പദ്ധതി വളരെ നല്ലതുതന്നെയാണ്. നിലവിൽ സംസ്ഥാനത്തൊട്ടാകെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സംരംഭം പ്രതിസന്ധിയിലാകുന്ന സാഹചര്യമാണ് പൊതുയിടങ്ങളിലും നിരത്തുകളുടെ ഓരങ്ങളിലും ബോർഡുകൾ സ്ഥാപിക്കാൻ പാടില്ല എന്നുള്ള ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് ഉണ്ടായിരിക്കുന്നത്. രാഷ്ട്രീയ സംഘടനകൾ മാത്രമല്ല മത-സാമുദായിക-

സാംസ്കാരിക ബഹുജന സംഘടനകളുടെയെല്ലാം ബോർഡുകൾ താൽക്കാലികമായി സ്ഥാപിക്കുന്നത് തടസ്സമായിരിക്കുകയാണ്. ഇതുമൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളും അവിടത്തെ തൊഴിലാളികളും വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. അവരുടെ ഉപജീവനമാർഗംതന്നെ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസം നേരിടുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രികൂടിയായ അങ്ങ് ഈ വിഷയത്തിൽ ഇടപെടുകയും താൽക്കാലികമായോ നിബന്ധനകൾക്ക് വിധേയമായോ ഫീസ് ഈടാക്കിയോ മറ്റ് ക്രമീകരണങ്ങളുടെ അടിസ്ഥാനത്തിലോ ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ; അതിനുവേണ്ട ഇടപെടലുകൾ നടത്തുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. പ്രസ്തുത വിഷയത്തിന്മേൽ വിശദമായ മറുപടി ഇന്ന് ശ്രദ്ധക്ഷണിക്കലിൽ നൽകുന്നതാണ്. നിയമവിരുദ്ധമായ സാമഗ്രികളും നിരോധിതമായ ഉൽപന്നങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണം

അനുവദിക്കാനാകില്ല. എന്നാൽ അല്ലാത്തവ ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണവും നിലവിൽ പ്രതിസന്ധിയിലായിരിക്കുകയാണ്. തീർച്ചയായും കോടതിവിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള ചില നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിശദമായ മറുപടി ശ്രദ്ധക്ഷണിക്കലിന് നൽകുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, വിപണിയിലെ ഉണർവുകളെയും ശീലങ്ങളെയുമെല്ലാം ഡിജിറ്റൽ സങ്കേതങ്ങളുപയോഗിച്ച് നിർണ്ണയിക്കപ്പെടുന്ന ഈ കാലത്ത് പ്രചോദനാത്മകമായി സംരംഭകത്വ സംസ്കാരം ഉപയോഗപ്പെടുത്തിവരുന്ന ആളുകൾക്ക് ഡിജിറ്റൽ മാർക്കറ്റിങ്ങിന് ആവശ്യമായ പിന്തുണ ഉറപ്പുവരുത്താൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം' പദ്ധതിയുമായി നേരിട്ട് ബന്ധപ്പെട്ട ചോദ്യമല്ലെങ്കിൽപ്പോലും വിപണി കണ്ടെത്തുന്നതുൾപ്പെടെ എല്ലാത്തരത്തിലുള്ള പിന്തുണയും സർക്കാർ, സംരംഭകർക്ക് നൽകുന്നുണ്ട്. ഡിജിറ്റൽ സാധ്യത ഇന്ന് വളരെ വലുതാണ്. മാർക്കറ്റിങ്ങിന് വലിയ സാധ്യതയാണ് അത് നൽകുന്നത്. ഡിജിറ്റൽ

പ്ലാറ്റ്ഫോമുകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് സംരംഭകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള എല്ലാ പിന്തുണയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം' എന്ന പദ്ധതിയുടെ ആശയം വളരെ നല്ലതാണ്. എന്നാൽ ഇതിന് ബ്രാൻഡിങ് വേണം. കേരള സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പല രൂപത്തിലുള്ള ക്വാളിറ്റി വരുന്നത് ഗുണകരമല്ല. ഒരു സ്റ്റേറ്റ് ബ്രാൻഡിങ് രൂപീകരിക്കുന്നതിനുള്ള നടപടിയെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പദ്ധതിയുടെ ആശയം വളരെ നല്ലതാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. തീർച്ചയായും ഗുണനിലവാരം ഉറപ്പുവരുത്തുക എന്നതും പ്രധാനംതന്നെയാണ്. ഓരോ തദ്ദേസ്ഥാപനത്തിന്റെയും തനത് ഉൽപന്നങ്ങളായിട്ടാണ് ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനതലത്തിലുള്ള ബ്രാൻഡിങ് എന്നതിനെക്കാൾ പ്രാദേശികമായി ലഭ്യമാകുന്ന ഉൽപന്നങ്ങളുടെ മൂല്യവർധനവാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രധാനമായും

കാർഷിക-ഭക്ഷ്യ-സംസ്കരണ മേഖലയിലെ ഉൽപന്നങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഉദാഹരണത്തിന് നാളികേര അധിഷ്ഠിത ഉൽപന്നങ്ങൾക്ക് സ്റ്റേറ്റ് ബ്രാൻഡിങ് സാധ്യമാകും. അരി, ഏത്തക്കായ, മരച്ചീനി, പൈനാപ്പിൾ, ചക്ക, ജാതി, മത്സ്യം, പാലധിഷ്ഠിതമായ ഉൽപന്നങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ഹാൻഡ്‌ലൂം, സ്പൈസ് പ്രോഡക്ട്സ്, റബ്ബർ പ്രോഡക്ട്സ്, തേൻ, കയറുൽപന്നങ്ങൾ തുടങ്ങിയ ധാരാളം പ്രാദേശിക വൈവിധ്യമുള്ള ഉൽപന്നങ്ങളുണ്ട്. അവയെ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കാർഷികോൽപന്നങ്ങൾക്ക് 'കേരള ഗ്രോ' എന്ന ബ്രാൻഡ് നെയിം സർക്കാർ നൽകുന്നുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അക്കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ബ്രാൻഡിങ് എന്ന ആശയം നല്ലതാണ്. സംസ്ഥാനതലത്തിലുള്ള ബ്രാൻഡിങ് മാത്രമല്ല; ഉദാഹരണത്തിന് മറയൂർ ശർക്കര പ്രാദേശികമായിട്ടുള്ള ഒരു ബ്രാൻഡായി വളർന്നുവന്നിട്ടുണ്ട്. രണ്ടും കണക്കിലെടുത്തുകൊണ്ട് അങ്ങ് ഉന്നയിച്ച ബ്രാൻഡിങ് എന്ന ആശയത്തെ സ്വാഗതം ചെയ്യുന്നു.

സഹകരണരംഗത്ത് നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ

2 (*482) ശ്രീമതി ദെലീമ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസവും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദീകരിക്കാമോ;

(ബി) ഇതിനോടനുബന്ധിച്ച് സഹകരണ മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും മാറിയ സാഹചര്യത്തിനനുസരിച്ചുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും നടപ്പാക്കുന്ന വിവിധ പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണ ഭരണരംഗത്തെ ആധുനികവൽക്കരിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ ഈ രംഗത്ത് ഏർപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസവും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട്, 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി നിയമ ഭേദഗതിക്കനുസൃതമായി കേരള സഹകരണ സംഘം ചട്ടം, 31-12-2024-ലെ ജി.ഒ.(പി)നം.232/2024/സഹ. പ്രകാരമുള്ള ചട്ടഭേദഗതി എസ്.ആർ.ഒ. നമ്പർ 1203/2024 പ്രകാരം 31-12-2024-ലെ 4134-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA)

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ മൊബൈൽ ആപ്പുവഴി 01-03-2025 മുതൽ മിന്നൽ പരിശോധന നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ടി സർക്കുലർപ്രകാരം 01-03-2025 മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നടത്തുന്ന മിന്നൽ പരിശോധനകൾ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി മാത്രം നടത്തേണ്ടതാണ്. സഹകരണ സംഘം രജിസ്ട്രാർ നിർദേശിക്കുന്ന സംഘങ്ങളിൽ നിശ്ചയിക്കപ്പെട്ട തീയതികളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതും അതേ ദിവസംതന്നെ പരിശോധന പൂർത്തിയാക്കേണ്ടതുമാണ്. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ സഹകരണ സംഘം രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പരിശോധന

തത്സമയം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി സാധിക്കുന്നതാണ്.

3. **ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നത്**

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പറായി സർക്കുലർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ പൊതുധനത്തിന്റെയോ ആസ്തികളുടെയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിലുൾപെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾപ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന

ഓഫീസിന്റെ പരിധിയിൽവരുന്ന ലോക്കൽ പൊലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

4. **ഏകീകൃത സോഫ്റ്റ്‌വെയർ**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. **ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ**

സഹകരണമേഖലയിലെ നിഷ്ക്രിയാസ്തികൾ കുറച്ചുകൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ആർബിട്രേറ്റർമാർക്ക്/സെയിൽ ഓഫീസർമാർക്ക് സമഗ്രമായ പരിശീലന പരിപാടി ICM കേന്ദ്രീകരിച്ച് നടത്തി. ഇതിനുപുറമെ, ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം ടാർജറ്റ് നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

6. ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി

7. സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നൽകുന്ന നിക്ഷേപങ്ങൾക്കുള്ള പരിരക്ഷ രണ്ടുലക്ഷം രൂപയിൽനിന്നും അഞ്ചുലക്ഷം രൂപയായി ഉയർത്തി.

8. സഹകരണ വകുപ്പിൽ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തരം നടപ്പിലാക്കി.

9. സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിലെ നേരിട്ട് നിയമനങ്ങൾക്കായുള്ള മത്സരപരീക്ഷ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്.

10. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും നിശ്ചിത ഇടവേളകളിൽ ട്രെയിനിങ്, റീ-ട്രെയിനിങ് പരിശീലന പരിപാടികൾക്കായി ഡെപ്യൂട്ട് ചെയ്യുന്നതിനും അവർ പങ്കെടുത്ത പരിശീലന പരിപാടികൾ പരിശോധിച്ച് സർവീസ് റെക്കോർഡുകളിൽ രേഖപ്പെടുത്തുന്നതിനുമായി "മികവ് 2024 പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്.

11. സഹകരണ മാന്വൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച കരട് സഹകരണ മാന്വൽ ഏപ്രിൽ മാസം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) സഹകരണമേഖലയിൽ തൊഴിലെടുക്കുന്നവരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും മാറിയ സാഹചര്യത്തിനനുസരിച്ചുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും സഹകരണ സംഘം ജീവനക്കാർക്കായി നിഷ്കർഷിച്ചിട്ടുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി സ്ഥാപനങ്ങളെ നിശ്ചയിച്ചും സഹകരണ ജീവനക്കാരുടെ കേഡർ അനുസരിച്ച് സിലബസ് പരിഷ്കരിച്ചും സഹകരണ സംഘം രജിസ്ട്രാർ 07-12-2024 തീയതിയിൽ 27/2024-ാം നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ, കേരള സംസ്ഥാന സഹകരണ ബാങ്കിലെ (കേരളാ ബാങ്ക്) ജീവനക്കാരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനായും മാറിയ

സാഹചര്യത്തിനനുസരിച്ച് വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനുമായി പരിശീലനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് കേരളാ ബാങ്കിന്റെ തനതായ ഒരു പരിശീലനകേന്ദ്രം തൃശ്ശൂരിൽ ആരംഭിച്ചിട്ടുള്ളതും പരിശീലനം നൽകിവരുന്നതുമാണ്. കൂടാതെ ടി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിന് ഭരണസമിതി അംഗങ്ങളുൾപ്പെട്ട ഒരു ബോർഡ് ലെവൽ സബ് കമ്മിറ്റിയുടെ (Training Review and Assessment Committee (TRAC)) നേതൃത്വത്തിൽ സോഫ്റ്റ്വെയർ ട്രെയിനിങ്ങുൾപ്പെടെ വിവിധ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് നടപ്പിലാക്കിവരുന്നതുമാണ്.

(ഡി) ഉണ്ട്.

1.**കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA)**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ മൊബൈൽ ആപ്പുവഴി 01-03-2025 മുതൽ മിന്നൽ പരിശോധന നടത്തുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ 24-02-2025-ലെ 07/2025 നമ്പർ സർക്കുലർപ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

ടി സർക്കുലർപ്രകാരം 01-03-2025 മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നടത്തുന്ന മിന്നൽ പരിശോധനകൾ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി മാത്രം നടത്തേണ്ടതാണ്. സഹകരണസംഘം രജിസ്ട്രാർ നിർദേശിക്കുന്ന സംഘങ്ങളിൽ നിശ്ചയിക്കപ്പെട്ട തീയതികളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതും അതേ ദിവസംതന്നെ പരിശോധന പൂർത്തിയാക്കേണ്ടതുമാണ്. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ സഹകരണ സംഘം രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പരിശോധന തത്സമയം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി സാധിക്കുന്നതാണ്.

2. ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്

കേരളത്തിലെ സഹകരണമേഖലയിലെ ഉൽപന്നങ്ങളെ എകീകൃത ബ്രാൻഡിങ്ങിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ള "ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് സഹകരണ ഉൽപന്നങ്ങൾ ഉപഭോക്താക്കളിലേക്ക് നേരിട്ടെത്തിക്കുന്ന ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സഹകരണ ഉൽപന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കേരളത്തിലെ സഹകരണരംഗത്തെ ആധുനികവൽക്കരിക്കുന്നതിന് ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

3. കേരളാ ബാങ്ക് നൽകിവരുന്ന ആധുനിക സേവനങ്ങൾ

ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന എല്ലാവിധ ആധുനിക സേവനങ്ങളും സൗജന്യമായോ, മിതമായ നിരക്കിലോ സഹകരണമേഖലയിൽ

എല്ലാത്തരം ജനങ്ങൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് കേരളാ ബാങ്ക് രൂപീകൃതമായിട്ടുള്ളത്. കേരളാ ബാങ്കിലെ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം പൂർണ്ണമായും നിലവിൽവന്നുകഴിഞ്ഞു. RTGS, NEFT, CTS Clearing, UPI സേവനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിന് KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്ക് KB Prime തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബിൽ പേമെന്റ് സേവനങ്ങളും Google Pay, Phone Pay, Paytm സൗകര്യങ്ങളും കേരളാ ബാങ്കിന്റെ ഉപഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീമതി ദെലീമ</u>: സർ, സഹകരണമേഖലയിൽ ഇന്ത്യക്കുതന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങളിലൂടെ കേരളത്തെ മുന്നോട്ടുനയിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ. വാസവനെ ഞാൻ അഭിനന്ദിക്കുകയാണ്. സഹകരണമേഖലയിലെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി സഹകരണ എക്സ്പോ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 2025 ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരത്തുവച്ച് എക്സ്പോയുടെ മൂന്നാം എഡിഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 420-ൽപരം ഉൽപന്നങ്ങൾ അവിടെ പ്രദർശനത്തിനും വിപണനത്തിനും ഒരുക്കിയിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലുള്ള ക്ലാസിഫിക്കേഷൻ ഏതാണ്; ഇപ്രകാരമുള്ള ക്ലാസിഫിക്കേഷനിലേക്ക് എത്തിച്ചേരുന്നതിന് ബാങ്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 'സി' -യിൽ നിന്ന് 'ബി' - യിലേക്ക് അപ്ഗ്രേഡ് ചെയ്തുകൊണ്ട് അതിന്റെ ഇമേജ് വർധിപ്പിച്ചിട്ടുണ്ട്. ഏതാണ്ട്

25 ലക്ഷം രൂപ വ്യക്തിഗത വായ്പ എന്നുള്ളത് 40 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. അതിനോടൊപ്പം 50,600/- കോടി രൂപ ലോൺ എന്നത് ഉയർന്ന്, കേരളത്തിലെ ഏതാണ്ട് 45 ബാങ്കുകളിൽ 5 ബാങ്കുകളിലൊന്നായി കേരള ബാങ്ക് ഉയർന്നിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഡി. കെ. മുരളി): സർ, സഹകരണ മേഖലയെ പല തരത്തിലും തകർക്കാനുള്ള പരിശ്രമങ്ങൾ നടക്കവേ അതിനെയെല്ലാം അതിജീവിച്ച് മുന്നോട്ടുപോകാനും സഹകരണ മേഖലയെ ശക്തിപ്പെടുത്താനും സർക്കാർ അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്ന് സഹകരണ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ഈ വർഷം തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംഘങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ 16 ട്രെയിനിങ് സെന്ററുകൾക്കായി സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിനായി ഒരു ട്രെയിനിങ് സെന്ററിന് 5 ലക്ഷം രൂപ വീതം നൽകിക്കഴിഞ്ഞു. അതോടൊപ്പം ഗ്രാന്റ് ലഭിക്കാത്ത വിദ്യാർഥികൾക്ക് പ്രത്യേകമായ സൗകര്യം ചെയ്തുനൽകുന്നതിനായി തുക അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എ. രാജ</u>: സർ, സഹകരണ സംഘങ്ങളുടെ ഇൻസ്പെക്ഷൻ പരിഷ്കരണത്തിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇപ്പോൾതന്നെ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. അതാണ് ഏറ്റവും ആധുനികമായ സംവിധാനം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. പക്ഷേ, കഴിഞ്ഞ കുറേക്കാലമായി പല ബാങ്കുകളിലും ഉണ്ടായിരിക്കുന്ന തകർച്ചയും ക്രമക്കേടുകളും അഴിമതിയും കാരണം ഇതിന്റെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടിക്കൊണ്ടിരിക്കുകയാണ്. ആളുകൾ ബാങ്കിലേക്ക് പണം നിക്ഷേപിക്കുന്നില്ല. നിക്ഷേപിച്ചവർക്ക് അത് തിരിച്ച് ലഭിക്കുന്നുമില്ല. ഇത് പല സ്ഥലങ്ങളിലുമുണ്ടാകുന്ന പരാതിയാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയമൊന്നുമില്ല. ഓരോ സംഘങ്ങളും അത് നടത്തുന്നവരുടെ കപ്പാസിറ്റി അനുസരിച്ചും അവരുടെ പ്രവർത്തനരീതിയുടെ അടിസ്ഥാനത്തിലുമാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ സംസ്ഥാനത്തെ

കരുവന്നൂർ, മാവേലിക്കര സഹകരണബാങ്കുൾപ്പെടെയുള്ള പല ബാങ്കുകളിലും ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്നതിന്റെ വെളിച്ചത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകരുന്നുവെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ഇത് പരിഹരിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം ഫലപ്രദമായ പല നടപടികളും സ്വീകരിച്ചതിന്റെ ഫലമായി കരുവന്നൂർ ബാങ്ക് 143.50 കോടി രൂപ നിക്ഷേപകർക്ക് മടക്കിക്കൊടുത്തിരിക്കുന്നുവെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. അതോടൊപ്പംതന്നെ ലിക്വിഡേഷനിലായ സംഘത്തിന് 2 ലക്ഷം രൂപയാണ് മുമ്പ് കൊടുത്തിരുന്നതെങ്കിൽ പുതുതായി കൊണ്ടുവന്ന നിക്ഷേപ ഗാരന്റി സ്കീം പ്രകാരം 5 ലക്ഷം രൂപവച്ച് ക്രൈസിസ് വരുമ്പോൾതന്നെ ഒരു നിക്ഷേപകന് നൽകണമെന്ന് ഇപ്പോൾ ഉത്തരവായിട്ടുണ്ട്. നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പുനരുദ്ധാരണ നിധിക്ക് ഇപ്പോൾ രൂപം നൽകിയിട്ടുണ്ട്. ഇതുപ്രകാരം വയബിളായ പ്രോജക്ട് നൽകുന്ന സംഘങ്ങൾക്ക് തുക നൽകാനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്, ഇന്നലെ ഞങ്ങൾ നബാർഡിന്റെ

ചെയർമാനെ കാണുകയും ഇത്തരത്തിൽ പിന്നാക്കം പോകുന്ന സംഘങ്ങളെ സഹായിക്കാൻ നബാർഡിന്റെ സഹായത്തോടുകൂടി പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, മുൻ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കേരളത്തിന്റെ സഹകരണ മേഖല രാജ്യത്തിന് മാതൃകയാണ്. പക്ഷേ, ഈ മേഖലയുടെ വിശ്വാസ്യത തകർക്കുന്നതിനുള്ള രാഷ്ട്രീയ നീക്കം നടക്കുമ്പോൾ അതിനെ ഒറ്റക്കെട്ടായി ചെറുക്കുന്നതിന് സന്നദ്ധമാകുന്നില്ലെന്നുള്ളത് കേരളം നേരിടുന്നൊരു വലിയ പ്രശ്നമാണ്. ഇത്തരമൊരു സാഹചര്യത്തിൽ സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ ഉതകുന്ന നിലയിൽ സഹകരണ സംഘങ്ങളുടെ പണം ഉപയോഗിച്ച് ഉൽപാദന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയടക്കം പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തുകൊണ്ട്

പുതിയ നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന കാര്യം അറിയിക്കുകയാണ്. ഒപ്പം, പല രംഗത്തുമുണ്ടായ ക്രൈസിസ് അഭിമുഖീകരിച്ച് അതിന് പരിഹാരം കാണാൻ വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചതിൽ ഫലം കണ്ടിരിക്കുന്നു. അതിന്റെ സൂചനകളാണ് നിക്ഷേപത്തിലും വായ്പയിലും വന്നിട്ടുള്ള വർധന എന്ന കാര്യം എടുത്തുപറയുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണ ബാങ്കുകളിലും കേരള ബാങ്കുകളിലും വായ്പാ കുടിശ്ശിക തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വളരെ ഫലപ്രദമായി നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് 31-ന് അതിന്റെ കാലാവധി അവസാനിക്കുകയാണ്. സർക്കാരിന്റെ ട്രഷറി നിയന്ത്രണങ്ങൾ, മറ്റ് സാമ്പത്തിക പ്രയാസങ്ങൾ, നോമ്പ് കാലം, മലബാർ മേഖലയിൽനിന്നും മറ്റും ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസികളുടെ പ്രയാസങ്ങൾ തുടങ്ങിയ കാരണങ്ങളാൽ പല ആളുകൾക്കും ബാങ്കിലെ കുടിശ്ശിക മാർച്ച് 31-നകം അടയ്ക്കാൻ സാധിക്കില്ല. അതുകൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജൂൺ മാസം വരെ 3 മാസക്കാലയളവിൽ നീട്ടിവയ്ക്കുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? അങ്ങനെയാണെങ്കിൽ ഒരുപാട് വായ്പാ

കുടിശ്ശിക തീർക്കാൻ സാധിക്കും. സഹകരണ ബാങ്കുകളുടെ കിട്ടാക്കടങ്ങൾ അടച്ചുതീർക്കുന്ന അവസ്ഥ ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ജൂൺ 30 വരെ പ്രസ്തുത പദ്ധതി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് ചോദിച്ച ചോദ്യത്തിന് നേരത്തെതന്നെ ഉത്തരം പറഞ്ഞിരുന്നു. സാധാരണ രീതിയിൽ രണ്ടുമാസമാണ് നൽകാറുള്ളത്. ഇപ്രാവശ്യം ജനുവരി, ഫെബ്രുവരിവരെ സമയം നൽകിയിരുന്നത് സഹകാരികളുടെ ആവശ്യപ്രകാരം മാർച്ച് മാസംവരെ നീട്ടിയിരിക്കുകയാണ്. മാർച്ച് 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. അത് പ്രയോജനപ്പെടുത്തണമെന്ന് അങ്ങയോട് വിനയപൂർവം അറിയിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 5 സെന്റിൽ താഴെയുള്ള ഭൂമിയിൽ താമസിക്കുന്ന ആളുകളെ ജപ്തി നടപടിയുടെ ഭാഗമായി വീട്ടിൽനിന്ന് പുറത്താക്കാൻ പാടില്ലെന്ന് ഗവൺമെന്റ് എടുത്ത സമീപനം വളരെ അഭിമാനകരമാണ്. അതേസമയം ഇത് പ്രാഥമിക സഹകരണ സംഘങ്ങളിൽ

മാത്രമാണ് ബാധകമാകുന്നത്, കേരളാ ബാങ്കുൾപ്പെടെ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് ഇത് ബാധകമാകുന്നില്ല എന്ന പ്രശ്നമുണ്ട്. വളരെ നാമമാത്രമായ സാധാരണക്കാർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പ കൊടുക്കാത്തൊരു സ്ഥിതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. വീണ്ടും വട്ടിപ്പലിശക്കാരുടെ മുമ്പിലേക്ക് സാധാരണക്കാർ പോകേണ്ടൊരു സ്ഥിതി വന്നാൽ അതുണ്ടാക്കുന്ന സാമൂഹിക പ്രത്യാഘാതം വളരെ വലുതായിരിക്കും. അതുകൊണ്ട് നാമമാത്ര ഭൂമിയുള്ളവർക്ക് വായ്പ കൊടുക്കാനുള്ള പ്രത്യേക നിർദേശങ്ങൾ നൽകണം. ജപ്തി ചെയ്യാൻ പാടില്ലെന്നുള്ളതുകൊണ്ട് വായ്പ കൊടുക്കാൻ തയ്യാറാകാത്ത ഈ സ്ഥിതിയെ എങ്ങനെ മറികടക്കാൻ കഴിയും?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഓരോന്നിന്റെയും സാധ്യത പരിശോധിച്ച് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ വായ്പ കൊടുക്കാനെ മാർഗമുള്ളൂ. കേരള ബാങ്കും അർബൻ ബാങ്കും ഗവൺമെന്റ് പ്രഖ്യാപിച്ച നയത്തിൽനിന്ന് വ്യത്യസ്തമായി നടക്കുന്ന സർഫാസി ആക്റ്റ് ബാധകമായ ബാങ്കിങ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ച നയങ്ങൾക്ക് വിധേയമായിട്ടാണ് പോകുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ കാര്യശേഷി വർധിപ്പിക്കുന്നതിനും കൂടുതൽ മാത്സര്യത്തിന് പര്യാപ്തമാക്കുന്നതിനും ആധുനിക ബാങ്കിങ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ മൺവിള ഇൻസ്റ്റിറ്റ്യൂട്ട് (Agricultural Co-operative Staff Training Institute) കേന്ദ്രീകരിച്ച് ജീവനക്കാർക്കും സഹകാരികൾക്കും പരിശീലനം നൽകുന്ന പ്രക്രിയകൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ഇവിടെ സൂചിപ്പിക്കപ്പെട്ട കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) എന്ന പുതിയ പദ്ധതി നടപ്പാക്കി പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ഓഡിറ്റിനെ ടീം ഓഡിറ്റാക്കി മാറ്റിയിട്ടുണ്ട്. ഇങ്ങനെ വിവിധതരത്തിൽ ആധുനികവൽക്കരണവും ഒപ്പം പരിശോധനകൾ ശക്തമാക്കിയും കാര്യക്ഷമമാക്കിയും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, നമ്മുടെ നാട്ടിൽ ഇപ്പോൾ കൂൺ പോലെ പൊട്ടിമുളച്ചുകൊണ്ടിരിക്കുകയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ. അവ പ്രധാനമായും ലക്ഷ്യമിടുന്നത് കാർഷിക ഫാം മേഖലകളാണെങ്കിലും 12.5 ശതമാനം പലിശയും ഗോൾഡ് ലോൺ 6 ശതമാനം പലിശയ്ക്കും നൽകുന്നുവെന്നാണ് ഇത്തരം സംഘങ്ങളുടെ പരസ്യത്തിൽ കാണാൻകഴിയുന്നത്. ജനങ്ങളെ കൊള്ളയടിക്കുന്ന ഈ സംവിധാനത്തെ നിയന്ത്രിക്കാനും കേരളത്തിലെ ജനങ്ങളെ ഈ ചൂഷണത്തിൽനിന്നും സംരക്ഷിക്കാനും എന്തെങ്കിലും ഉപാധികളുണ്ടോ; ഇതിനെക്കുറിച്ച് സഹകരണ മേഖല ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് വ്യാപകമായ പ്രചാരണം ഇതിനോടകം സഹകരണമേഖല നൽകിയിട്ടുണ്ട്. സെൻട്രൽ ആക്റ്റിന് വിധേയമായിട്ടാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നത്. അവർ ഒരു തരത്തിലും സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്കോ ഇടപെടലുകൾക്കോ വിധേയമായിട്ടല്ല പോകുന്നത്. തോന്നിയതുപോലെ പലിശ വാങ്ങുകയും കൊടുക്കാതിരിക്കുന്നതുമൊക്കെയാണ്

അവരുടെ ശൈലി. രാജ്യത്തിന്റെ ഭരണഘടനയെ വെല്ലുവിളിച്ചും സുപ്രീംകോടതി വിധിയെ മറികടന്നുമാണ് കേന്ദ്ര ഗവൺമെന്റ് ഈ ആക്ട് കൊണ്ടുവന്നതും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് രൂപം നൽകിയതും. അതിനെ അങ്ങേയറ്റം പ്രതിഷേധാർഹമായ നിലപാടായി നാം കാണുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തെ ചേർത്തുപിടിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് പട്ടികജാതി, പട്ടികവർഗ മേഖലയിലുള്ള സഹകരണ സ്ഥാപനങ്ങൾ. വ്യാവസായികമായും കാർഷികമായും സംഘടിപ്പിക്കപ്പെട്ട നിരവധി സംഘങ്ങളുണ്ട്. സാമ്പത്തികമായി ഇത് വലിയ പ്രയാസത്തിലുമാണ്. അത്തരം സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അതിനായി ബജറ്റിൽതന്നെ പ്രത്യേകമായി ഫണ്ട് വകയിരുത്തി റിവൈവൽ പാക്കേജ് തയ്യാറാക്കി നൽകിയിരുന്നു. ചില സംഘങ്ങളെ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചിലത്

ഇപ്പോഴും പഴയ രൂപത്തിൽ നിൽക്കുകയാണ്. അത് മുന്നോട്ടുകൊണ്ടുവരുന്നതിനായി പരിശ്രമിക്കുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭേദഗതി ചെയ്ത സഹകരണ സംഘ നിയമപ്രകാരം സഹകരണ രജിസ്ട്രാർക്ക് അമിതാധികാരം നൽകിയതിന്റെ ഫലമായി സഹകരണ ജനാധിപത്യം കേന്ദ്രീകൃത ജനാധിപത്യമായി മാറുന്നത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് ആ നിയമം സൂക്ഷ്മമായി പരിശോധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. രജിസ്ട്രാർക്കുണ്ടായിരുന്ന അമിതാധികാരം എടുത്തുകളയുകയാണ് ചെയ്തത്. എന്നാൽ ജനാധിപത്യപരമായ ഉള്ളടക്കം ഉൾപ്പെടുത്തിക്കൊണ്ട് ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ച് അങ്ങയുടെ പാർട്ടിയുൾപ്പെടെ ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമാണെന്ന് വിനയപൂർവം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, നിലവിലെ വ്യവസ്ഥയനുസരിച്ച് റിസ്ക് ഫണ്ട് അനുവദിക്കുന്നത് കുടിശ്ശിക ഇല്ലാത്തവർക്കാണ് എന്നുള്ളത് വളരെ പ്രധാനപ്പെട്ട

കാര്യമാണ്. കാൻസർ ഉൾപ്പെടെയുള്ള ഗൗരവമായ രോഗങ്ങളുള്ള വായ്പക്കാർ ചികിത്സയുടെ സമയത്ത് കുടിശ്ശിക അടയ്ക്കാൻ കാലതാമസം നേരിടാറുണ്ട്. ഈ വിഷയം മാനുഷികമായി പരിഗണിക്കേണ്ട കാര്യമാണ്. റിസ്ക് ഫണ്ട് അനുവദിക്കുമ്പോൾ അത് കൂടി പരിഗണിക്കുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങനെയുള്ള കേസുകളിൽ അവർക്ക് ഇളവ് നൽകി നിലവിൽ റിസ്ക് ഫണ്ടിന്റെ ആനുകൂല്യം അവർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. വായ്പയെടുത്ത ഒരാൾ മരിച്ചുകഴിഞ്ഞാൽ മൂന്ന് ലക്ഷം രൂപവരെ റിസ്ക് ഫണ്ട് നൽകുന്നുണ്ട്. അത് തുടരുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, നിക്ഷേപിച്ച ഏതെങ്കിലും അംഗങ്ങൾക്ക് തുക തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ നിക്ഷേപ ഗ്യാരന്റി സ്കീം ഉപയോഗപ്പെടുത്തി ഇതുവരെ പ്രസ്തുത തുക നൽകിയിട്ടുണ്ടോ? രണ്ട് ലക്ഷം രൂപ വരെയായിരുന്ന പ്രൊവിഷൻ ഇപ്പോൾ അഞ്ച് ലക്ഷം രൂപയായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷനിൽ പോകുന്നതിനുമുമ്പുതന്നെ റിനോവേഷന്റെ ഭാഗമായി സംഘങ്ങളെയും സംഘാംഗങ്ങളെയും

സഹായിക്കുന്നതിനുവേണ്ടി സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്. ആ സ്കീം എവിടെയെങ്കിലും ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടോ; ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള കാലതാമസമുണ്ടെങ്കിൽ അതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് കാലതാമസമൊന്നുമില്ല. അതിന്റെ മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകുന്നത് കഴിഞ്ഞ ആഴ്ച നിർവഹിച്ചുകഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നടക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, പരസ്പര ജാമ്യം പോലുള്ള ഈടില്ലാത്ത വായ്പകളുണ്ട്. അത് കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി പലതവണ അത് തീർപ്പാക്കാൻ ശ്രമിച്ചെങ്കിലും വീണ്ടെടുക്കുവാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള കേസുകളിൽ എ.ആർ.സി. ഫയൽ ചെയ്യാൻ പറയുന്നു. ഇത്തരക്കാരുടെ വീടിന്റെയോ അല്ലെങ്കിൽ ഭൂമിയുടേയോ കരം അടയ്ക്കുന്നത് തടയാൻ സാധിക്കുകയോ അല്ലെങ്കിൽ അങ്ങ് നടപ്പാക്കുന്ന core banking software-ലൂടെ സിബിൽസ്കോർ കുറയ്ക്കുകയും മറ്റ് ബാങ്കുകളെ അറിയിക്കുകയും ചെയ്ത് അവർക്ക് പിന്നീട് ലോണുകളെടുക്കാൻ സാധിക്കാതെ

വരികയും ചെയ്താൽ മാത്രമേ കുടിശ്ശിക തിരിച്ചുപിടിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം രീതിയിലൊരു നടപടി സ്വീകരിക്കാൻ താൽപ്പര്യപ്പെടുമോ; അതുസംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിന് പലരൂപത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രൈമറി സംഘങ്ങളിൽ അങ്ങ് സൂചിപ്പിച്ചതുപോലെ സിബിൽ സ്കോറിനെ ആസ്പദമാക്കിയല്ല കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പ്രായോഗികമായി അതിന് ചില പരീക്ഷണങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. വീടുകളിൽപോയി കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും എ.ആർ.സി. ഫയൽ ചെയ്ത് നോട്ടീസ് അയയ്ക്കുകയും ചെയ്ത് എല്ലാതരത്തിലുള്ള ശ്രമങ്ങളും നടത്തിവരുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സഹകരണ മേഖലയിൽ Co-operative Audit Monitoring & Information System (CAMIS) നടപ്പാക്കിയപ്പോൾ ടി മേഖലയിൽ എത്രമാത്രം വികസനവും സുതാര്യതയും നേടിയെടുക്കാൻ കഴിഞ്ഞുവെന്നുള്ളത് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ മികച്ച രൂപത്തിലുള്ള പുരോഗതിയുണ്ടായിട്ടുണ്ട്. വിവിധ സംഘങ്ങളിൽ മുമ്പത്തെ പോലെ അനഭിലഷണീയമായ പ്രവണതകൾ വളർന്നുവരുന്നതിനെ ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. സമയാസമയങ്ങളിൽ ഇൻസ്പെക്ഷൻ സെഡ്രംങ്തൻ ചെയ്തും ഓഡിറ്റ് സിസ്റ്റം ടീം ആക്കിയതുംവഴി വലിയ പുരോഗതിയാണ് നമുക്കുണ്ടായിട്ടുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, നേരത്തെ ഉന്നയിച്ച ചോദ്യമാണ്. കേരള ബാങ്ക് ‘ SARFAESI Act’ -ൽ ഉൾപ്പെട്ട് വരുന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതുപോലെ കേരള ബാങ്കിലും കുടിഒഴിപ്പിക്കൽ നടപടികൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങേയ്ക്കറിയാമല്ലോ, ‘ SARFAESI Act’ കോടതി ഉത്തരവ് പ്രകാരമുള്ളതാണ്. കോടതി നടപടികളിൽ വകുപ്പിന് ഇടപെടാൻ കഴിയില്ല. അതുകൊണ്ട് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ഭരണസമിതിക്ക് പരിമിതിയുണ്ട്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ് വീട് ജപ്തി ചെയ്യില്ലെന്നുള്ളത്. പക്ഷേ ഇതിന് വിരുദ്ധമായി നോട്ടീസ് അയ്ക്കുന്നുണ്ടെന്നുള്ളതും വീടുകൾ ഒഴിപ്പിക്കുന്നുണ്ടെന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ; അങ്ങനെയുണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നേരത്തെ ഇക്കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. മൂന്ന് സെന്റിൽ താഴെ സ്ഥലമുള്ള വീടുകളിൽനിന്ന് ആളുകളെ ഒഴിപ്പിച്ച് വിടരുതെന്നവിധത്തിലാണ് നമ്മളെടുത്ത നിലപാട്. ഏതെങ്കിലും തരത്തിൽ ജപ്തി വേണ്ടിവരികയാണെങ്കിൽ പകരം ഷെൽറ്ററുണ്ടാക്കണം. അതിന് നോട്ടീസ് നൽകരുതെന്ന് നമുക്ക് പറയാൻ കഴിയില്ല, അത് നിർത്തി വയ്ക്കാറുമില്ല. പക്ഷെ ജപ്തി ചെയ്യുന്ന നടപടികളിലേക്ക് പോകാൻ പാടില്ലെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച നിലപാടിലാണ് പ്രൈമറി സംഘങ്ങൾ ഇപ്പോഴും പോകുന്നത്. അതേസമയം ‘ SARFAESI Act’ ബാധകമായിട്ടുള്ളതും Banking Regulation ആക്റ്റിന്റെ പരിധിയിൽ വരുന്നതുമായ ബാങ്കുകളും കേരള ബാങ്കുമാണ് അത്തരത്തിൽ മുന്നോട്ടുപോകുന്നത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വളരെ ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനമാണ് ഈ മേഖലയിലുണ്ടായിട്ടുള്ളത്. അതിലേറ്റവും പ്രധാനമായിട്ടുള്ളത് യുവസഹകരണ സംഘങ്ങളെ സംബന്ധിച്ചാണ്. നിലവിൽ എത്ര യുവ സഹകരണസംഘങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിന്റെ പ്രവർത്തനങ്ങൾ ഏത് സ്ഥിതിയിലാണ്; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ 32 എണ്ണം രജിസ്റ്റർ ചെയ്തു. അതിൽ വളരെ മികച്ച രൂപത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. 'ഇ-നാട് ' പോലുള്ള സംഘങ്ങൾ വളരെയധികം മുന്നോട്ടുവന്നുകഴിഞ്ഞിരിക്കുന്നുവെന്ന കാര്യം സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, നേരത്തെ ശ്രീ. പി. കെ. ബഷീർ അംഗം സൂചിപ്പിച്ച കാര്യമാണ്. നമുക്കിത് തൽക്കാലം നിർത്തിവച്ച് ഗഡുക്കളാക്കി കുറച്ചുകൂടി സമയം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചാൽ രക്ഷപ്പെടുത്താൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിൽ ശ്രീ. പവിത്രൻ നൽകിയ നിവേദനമുണ്ട്. അവരുടെ മക്കൾക്ക് സുഖമില്ലാത്തതാണ്, കുടിശ്ശിക

പല ഗഡുക്കളായി കൃത്യമായി അടച്ചുകൊണ്ടിരുന്നവരാണ്. പിന്നീട് അവർക്കത് അടയ്ക്കാൻ സാധിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് അതായത് ഒരു ഗഡു അടച്ചുകഴിഞ്ഞ് കുറച്ചുമാസത്തേയ്ക്ക് ബാക്കിയുള്ളത് ഗഡുക്കളായി അടയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിന്റെ ഉള്ളടക്കം ഞാൻ നേരത്തെ വിശദീകരിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ അനുസ്യൂതം one-time settlement നീട്ടികൊണ്ടുപോകാനാകില്ല. അങ്ങനെ പോയികഴിഞ്ഞാൽ സംഘങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളെ ബാധിക്കും. ഒരു വർഷത്തിൽ മൂന്നുമാസമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. ഇപ്രാവശ്യം ഒരു മാസംകൂടി വർധിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ആ നിശ്ചിതപരിധിക്കുള്ളിൽ കുടിശ്ശിക അടച്ചുതീർക്കുക എന്നുള്ളതുമാത്രമാണ് അതിന്റെ പരിഹാരമെന്ന് പറയുന്നത്. ഇനി അത് നീട്ടുകയെന്നുള്ളത് പ്രായോഗികമല്ല.

ശ്രീ. കെ. ആൻസലൻ: സർ, നമ്മുടെ ബാങ്കുകളിൽനിന്നും പ്രൈമറി സംഘങ്ങളിൽനിന്നും മറ്റും ഒരാൾ വായ്പെടുത്താൽ വിവിധ ഘട്ടങ്ങളിലായി കുറച്ച് തുക തിരിച്ചടക്കാം. എന്നാൽ, അവസാനം അവരുടെ പേരിൽ നടപടി

സ്വീകരിക്കുമ്പോൾ രണ്ട് ലക്ഷത്തിന്റെ വായ്പക്ക് എട്ട്-ഒൻപത് ലക്ഷം രൂപ ഈടാക്കുന്നൊരു നിലപാട് ചില സംഘങ്ങൾ ശക്തമായി തുടരുന്നുണ്ട്. സാധാരണഗതിയിൽ പ്രിൻസിപ്പൽ എമൗണ്ടിനോടൊപ്പംതന്നെ പലിശയും ചേർത്ത് സെറ്റിൽ ചെയ്യുക എന്നൊരു നിലപാട് സ്വീകരിക്കുന്നില്ല. അത്തരം കാര്യങ്ങൾക്ക് കർശനമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിശ്ചയമായും 2013-ലെ ഒരു സർക്കുലറുണ്ട്. പ്രിൻസിപ്പൽ എമൗണ്ടിനെ അധികരിച്ച് ഒരിക്കലും പലിശ ഈടാക്കാൻ പാടില്ല. അത് നടപ്പാക്കണമെന്നുതന്നെയാണ് വകുപ്പിന്റെ നിലപാട്. അത് തുടരുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, സഹകരണമേഖലയിൽ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അതായത് എഞ്ചിനീയറിംഗ് കോളേജ്, സഹകരണ പരിശീലന കോളേജ് എന്നിവ. ഇത്തരം സ്ഥാപനങ്ങളെയെല്ലാം ഏകോപ്പിച്ചുകൊണ്ട് ഒരു സഹകരണ സർവകലാശാല സ്ഥാപിക്കുന്നതിന് എന്തെങ്കിലും ആലോചന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ പല കേന്ദ്രങ്ങളിൽനിന്ന് ഇത്തരം നിർദേശങ്ങൾ വന്നിട്ടുണ്ട്. 'സഹകരണ സർവകലാശാല' എന്ന ആശയം സംബന്ധിച്ച് 2008-ൽ ഈ നിയമസഭയിൽ ഞാൻതന്നെ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നതാണ്. അന്ന് ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരനായിരുന്നു പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി. അത് പരിശോധിക്കാമെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. ഏതായാലും ഇപ്പോൾ CAPE (Co-operative Academy of Professional Education)-ന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജും 5 പോളിടെക്നിക്കുകളും JDC, HDC കോഴ്സുകളും എം.ബി.എ. കോഴ്സുകളുമെല്ലാമുണ്ട്. ഇതെല്ലാം ചേർത്ത് അങ്ങ് സൂചിപ്പിച്ച ആശയം സംബന്ധിച്ച് നമുക്ക് ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

സോളാർ നിലയങ്ങളിൽ ഡിസ്ട്രിബ്യൂട്ടഡ് കമ്യൂണിറ്റി സ്റ്റോറേജ്

3 (*483) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. ഇ. കെ. വിജയൻ):

ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഇൻവേർട്ട് ചെയ്യാതെ നേരിട്ട് സംഭരിക്കുന്ന വിധത്തിൽ മെഗാസ്കെയിൽ സോളാർ നിലയങ്ങളോടനുബന്ധമായി ബാറ്ററി സ്റ്റോറേജ് ആസൂത്രണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദമാക്കാമോ;

(ബി) സോളാർ വൈദ്യുതി ഉൽപാദനം വൻതോതിൽ വർധിക്കുന്നത് ഗ്രിഡ് സ്റ്റെബിലിറ്റിയെ ബാധിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുരപ്പുറ സോളാർ നിലയങ്ങളെ കണക്ട് ചെയ്ത് മൈക്രോഗ്രിഡ് രൂപപ്പെടുത്തി അതിന്റെ തുടർച്ചയായി ഡിസ്ട്രിബ്യൂട്ടഡ് കമ്മ്യൂണിറ്റി സ്റ്റോറേജ് വിഭാവനം ചെയ്താൽ ഗ്രിഡ് സ്റ്റെബിലിറ്റിയെ വലിയതോതിൽ ബാധിക്കാതെ സോളാർ വൈദ്യുതി ഉൽപാദനം വർധിപ്പിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഇത്തരം പദ്ധതികൾക്ക് നിയമപരമായ പരിമിതികളുണ്ടോ; കൃത്യമായ നിയമവ്യവസ്ഥകൾ രൂപപ്പെടുത്തി ഇത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തിയാൽ അത് രാജ്യത്തിന് മാതൃകയായി മാറാനിടയുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) സോളാർ നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഇൻവേർട്ട് ചെയ്യാതെ നേരിട്ട് സംഭരിക്കുന്ന വിധത്തിൽ മെഗാസ്കെയിൽ സോളാർ നിലയങ്ങളോടനുബന്ധിച്ച് ബാറ്ററി സ്റ്റോറേജ് ആസൂത്രണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. സോളാർ നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന DC രൂപത്തിലുള്ള വൈദ്യുതി ഇൻവേർട്ടർ ഉപയോഗിച്ച് ആദ്യം AC-യായി പരിവർത്തനം ചെയ്യുകയും തുടർന്ന് മറ്റൊരു ബാറ്ററി ചാർജ് കൺവെർട്ടർ ഉപയോഗിച്ച് DC-ആക്കി ബാറ്ററി ചാർജ് ചെയ്യുന്ന രീതിയാണ് ഇപ്പോൾ ‘ AC-coupled system’ എന്ന പേരിൽ അറിയപ്പെടുന്നത്. സോളാർ നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഇൻവേർട്ട് ചെയ്യാതെ ബാറ്ററിയിൽ നേരിട്ട് സംഭരിക്കുന്ന വിധത്തിൽ സോളാർ നിലയങ്ങളോടനുബന്ധിച്ച് ബാറ്ററി സ്റ്റോറേജ് ക്രമീകരിക്കുന്നത് ‘ DC-coupled system’ എന്നാണ് അറിയപ്പെടുന്നത്. ഇത്തരത്തിൽ വൈദ്യുതി ബാറ്ററികളിൽ സംഭരിക്കുമ്പോൾ പരിവർത്തന നഷ്ടം കുറയ്ക്കാൻ സാധിക്കും. സോളാർ നിലയങ്ങളിൽ

ഉല്പാദിപ്പിക്കുന്ന DC രൂപത്തിലുള്ള വൈദ്യുതി ഇൻവേർട്ടർ ഉപയോഗിച്ച് ആദ്യം AC ആയി പരിവർത്തനം ചെയ്യുകയും തുടർന്ന് മറ്റൊരു ബാറ്ററി ചാർജർ കൺവെർട്ടർ ഉപയോഗിച്ച് DC ആക്കി ബാറ്ററി ചാർജ് ചെയ്യുകയും ചെയ്യുന്ന രീതി ‘ AC-coupled system’ എന്നാണ് അറിയപ്പെടുന്നത്.

DC-coupled സ്കീമിൽ പരിവർത്തന നഷ്ടം കുറവായതിനാൽ കാര്യക്ഷമത കൂടുതലാണ്. എന്നാൽ ഇത്തരം DC-coupled സിസ്റ്റത്തിൽ ബാറ്ററി ചാർജിങ്, പവർ ഫ്ലോ എന്നിവ നിയന്ത്രിക്കുന്നത് പ്രയാസകരമാണ്. മാത്രമല്ല, ഇവ സ്ഥാപിക്കുന്നത് കൂടുതൽ സങ്കീർണമാണ്. കൂടാതെ ബാറ്ററി, സോളാർ പാനൽ എന്നിവയ്ക്ക് ഒരൊറ്റ ഇൻവേർട്ടറിനെ മാത്രം ആശ്രയിക്കുന്നതിനാൽ വിശ്വാസ്യത (reliability) കുറവാണ്. ഇത്തരം സംവിധാനങ്ങൾ വിപണിയിൽ സാങ്കേതികതികവോടുകൂടി ലഭ്യമായി തുടങ്ങുന്നതേയുള്ളൂ. കൂടുതൽ കാര്യക്ഷമമായ ഉപകരണങ്ങൾ പ്രചാരത്തിൽ വരുന്നമുറയ്ക്ക് ഇവ പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

(ബി) സോളാർ വൈദ്യുതി ഉൽപാദനം വൻതോതിൽ വർധിക്കുന്നത് grid stability-യെ ബാധിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട്. വർധിച്ചുവരുന്ന

സോളാർ വൈദ്യുത ഉൽപാദനത്തിന്റെ വൈദ്യുത ശൃംഖലയിലുള്ള സ്വാധീനം പരിശോധിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഒരു ആഭ്യന്തര സമിതിയെ ചുമതലപ്പെടുത്തുകയും ആയത് ഗ്രിഡിലുണ്ടാക്കുന്ന പ്രഭാവം മനസിലാക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള പുനരുപയോഗ ഊർജ്ജ ചട്ടങ്ങൾ മാർച്ച് മാസം 31-നുശേഷം കാലോചിതമായി പരിഷ്കരിക്കേണ്ടതുള്ളതിനാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഒരു ഡിസ്കഷൻ പേപ്പർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്മേലുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. ഇതിനുശേഷം കരടുചട്ടങ്ങൾ പുറപ്പെടുവിക്കുകയും തുടർനടപടികൾക്കുശേഷം ഇത് നിലവിൽ വരികയും ചെയ്യും. ആയതിനാൽ പുനരുപയോഗ ഊർജത്തിന്റെ തോത് കൂടുന്നതിനനുസരിച്ച് ഗ്രിഡിലുണ്ടാകുന്ന സ്റ്റെബിലിറ്റി സംബന്ധിച്ച വിഷയങ്ങൾ ശരിയായവിധം പരിഗണിക്കപ്പെടുമെന്ന് കരുതുന്നു.

(സി) കഴിയും. ഇത്തരം മൈക്രോ ഗ്രിഡ് രൂപപ്പെടുത്തി അതിന്റെ തുടർച്ചയായി ‘ distributed community storage system’ വിഭാവനം ചെയ്താൽ, DC-യിൽനിന്ന് AC-യിലേയ്ക്കും തിരിച്ച് AC-യിൽനിന്ന് DC-

യിലേയ്ക്കുമുള്ള ട്രാൻസാക്ഷൻ കുറയ്ക്കാൻ കഴിയുന്നതാണ്. അങ്ങനെ ബാറ്ററിയിൽനിന്നും ഗ്രിഡിലേക്കും ഗ്രിഡിൽനിന്ന് ബാറ്ററിയിലേക്കുമുള്ള എനർജി ഫ്ലോ കുറച്ചുകൊണ്ടുവരാൻ സാധിക്കും. അതുമൂലം ഗ്രിഡിൽനിന്ന് പ്രൊസ്യൂമർ എടുക്കുന്ന വൈദ്യുതിയുടെയും ഗ്രിഡിലേക്ക് പ്രൊസ്യൂമർ കൊടുക്കുന്ന വൈദ്യുതിയുടെയും അളവ് കുറയുന്നതിനാൽ, പ്രൊസ്യൂമർ കപ്പാസിറ്റി കുറഞ്ഞ ഇൻവെർട്ടർ സ്ഥാപിച്ചാൽ മതിയാകും. അതുവഴി സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള ചെലവ് കുറയ്ക്കാനും തത്ഫലമായി കൂടുതൽപേർ സോളാർ പ്ലാന്റ് സ്ഥാപിക്കുകവഴി ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനും സാധിക്കും. കമ്മ്യൂണിറ്റി ഗ്രിഡിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി അതത് സ്ഥലത്തുതന്നെ ഉപയോഗിക്കുന്നതിനാൽ ഗ്രിഡ് സ്റ്റെബിലിറ്റിയെ ബാധിക്കാതെതന്നെ സോളാർ ഉൽപാദനം നടത്തുവാൻ കഴിയും.

'കമ്മ്യൂണിറ്റി സ്റ്റോറേജ് സിസ്റ്റം' എന്ന് വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയിലുൾപ്പെടുത്തി, തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം പഞ്ചായത്ത് തിരഞ്ഞെടുത്ത ട്രാൻസ്ഫോർമറിന്റെ കീഴിൽ സോളാർ ഉൽപാദിപ്പിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽനിന്നും ലഭിക്കുന്ന വൈദ്യുതി ഒരു സ്ഥലത്ത്

ബൾക്കായി സ്റ്റോർ ചെയ്ത്, പീക് സമയത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ സാങ്കേതിക സാധ്യതകളെക്കുറിച്ച് പഠിച്ചുവരികയാണ്.

(ഡി) നിയമ പരിമിതി ഇപ്പോൾ ഉണ്ട്. എങ്കിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ 'ഡ്രാഫ്റ്റ് പോളിസി' ഇതിന് നിയമ വ്യവസ്ഥകൾ നൽകുന്നുണ്ട്. ഇനിയും ആവശ്യമുള്ള റെഗുലേഷൻ മാറ്റത്തിനായി അത്തരം ആവശ്യം ഉയർന്നുവരുന്നഘട്ടത്തിൽ KSERC (Kerala State Electricity Regulatory Commission)-യെ സമീപിക്കാവുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, 2016 മുതൽ സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതോൽപാദനശേഷി എത്രത്തോളം വർധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ ജലാശയങ്ങളിൽ floating solar പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സോളാർ വൈദ്യുതി ഉൽപാദനം 2016-മുതൽ ഈ സമയം വരെ 1516 മെഗാവാട്ടായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തെ അത് 16.5 മെഗാവാട്ടായിരുന്നു. ഇപ്രകാരം 1499.5 മെഗാവാട്ടിന്റെ വർധനയാണ് പ്രസ്തുത കാലഘട്ടത്തിലുണ്ടായിട്ടുള്ളത്. ഈ

വരുന്ന ആറു വർഷത്തിൽ പുരപ്പുറ സോളാർശേഷി 3000 മെഗാവാട്ടായി ഉയർത്താനുള്ള പദ്ധതികളാണ് കെ.എസ്.ഇ.ബി. ആവിഷ്ക്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുന്നത്.

ശ്രീമതി സി. കെ. ആശ: സർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സോളാർ പ്ലാന്റ് സ്ഥാപിച്ച് അധികവരുമാനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തീർച്ചയായും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതത്തിൽ സാരമായ മാറ്റങ്ങൾ വരുത്തുന്നതിന് പ്രയോജനകരമായി വൈദ്യുതി ഉപയോഗിക്കുന്നതിനുപകരം സോളാർ വൈദ്യുതി ഉപയോഗിക്കാനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇനിയുണ്ടാകേണ്ടത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശം കൂടി അക്കാര്യത്തിൽ പരിഗണിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, Peak hour വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ബാറ്ററി സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; അതിന്റെ ഫലമായി നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് പുനരുപയോഗ അധിഷ്ഠിത വൈദ്യുത ഗ്രിഡിലേയ്ക്ക് സംയോജിപ്പിക്കുന്നതിന് നൂതന ഉർജ്ജ സംരക്ഷണ സംവിധാനമായ Battery Energy Storage System (BESS) സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, പാചകം, വാഹനങ്ങൾ എന്നിവയുൾപ്പെടെ മറ്റുള്ള ഉർജ്ജ സ്രോതസ്സുകളെ ആശ്രയിച്ചിരുന്ന നിരവധി പ്രവർത്തനങ്ങൾ വൈദ്യുതിയിലേക്ക് മാറുന്നുണ്ട്. ‘ Go Electric’ Campaign ലോകമെമ്പാടും നടക്കുന്നുണ്ട്. ഇന്ധനവിലയും മലിനീകരണവും കണക്കിലെടുത്ത് energy transmission-ന്റെ പ്രധാന മാറ്റങ്ങളിലൊന്നാണിത്. ഇതുകണക്കിലെടുത്ത് സൗരോർജത്തിന്റെ ഉപയോഗം വർധിപ്പിച്ച് ക്രമീകരിക്കാനുള്ള മാർഗങ്ങൾ കേരളത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നേരത്തെ ഇവിടെ വ്യക്തമാക്കിയതുപോലെ നമ്മുടെ സൗരോർജശേഷി 3000-നും 5000-നും ഇടയ്ക്ക് മെഗാവാട്ട് ഉയർത്തുന്നതിനാവശ്യമായ സംഭരണശേഷിയുള്ള ' Battery Energy Storage System' ആണ് സ്ഥാപിക്കേണ്ടത്. അതിനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. വാഴൂർ സോമൻ: സർ, സംസ്ഥാനത്തെ ജലാശയങ്ങളിലും ഡാമുകളിലും (Floating Solar Power Project) ഫ്ലോട്ടിംഗ് സോളാർ വൈദ്യുതി പദ്ധതി ആരംഭിക്കുവാൻ എന്തെങ്കിലും ഉദ്ദേശമുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ ആശയം നടപ്പാക്കുന്നതിനുള്ള നിലപാടുകളാണ് ഗവൺമെന്റും വൈദ്യുതി ബോർഡും ചേർന്ന് തീരുമാനിച്ചിട്ടുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ ഉപ്പുവെള്ളം, കായൽ, തരിശായി കിടക്കുന്ന ജലാശയങ്ങൾ എന്നിവയിൽ 6000 മെഗാവാട്ട് വൈദ്യുതി ഉല്പാദനം ലക്ഷ്യമിടുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതി ഉല്പാദന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ മാർഗരേഖകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 400 മെഗാവാട്ട്

ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ വൈദ്യുതി പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

ശ്രീ. യു. ആർ. പ്രദീപ്: സർ, വൈദ്യുതി വളരെ ആവശ്യമുള്ള സമയമാണിത്. ഇത്തരം സമയങ്ങളിൽ പുരപ്പുറത്ത് സോളാർ പാനലുകൾ സ്ഥാപിച്ച് കേരളത്തിൽ എത്രത്തോളം ഇതുപോലെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്കുകൾ വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ മുമ്പ് സൂചിപ്പിച്ചതാണ്. സോളാർ ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി ഉല്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ വൈദ്യുതി അധികമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും രാത്രികാലങ്ങളിൽ ഇതിന്റെ പ്രയാസം അനുഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയാണ് മാർഗം. ആ മാർഗങ്ങൾ സർക്കാർ ആലോചിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതാണ്.

ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ആംനസ്റ്റി പദ്ധതി

4 (*484) ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ് ചുതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ഇളവ് നൽകുന്നതിന് ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ അതിലൂടെ ഖജനാവിൽ നികുതി ഇനത്തിൽ എത്തേണ്ട തുകയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരം ഒരു നടപടി സ്വീകരിക്കാനുണ്ടായ കാരണം വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി(ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) 2025-ലെ കേരള ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 851 പ്രകാരം 2005-06 മുതൽ കോവിഡ് കാലഘട്ടം അടങ്ങുന്ന 2020-21 വർഷം വരെ ബാർഹോട്ടലുകളിൽനിന്ന് ലഭിക്കേണ്ട എല്ലാ കുടിശ്ശികകളും തീർപ്പാക്കാനായി മുൻകാലങ്ങളിലുള്ള ആംനെസ്റ്റി പദ്ധതികളുടെ ഭാഗമായുള്ള ഇളവുകളുടെ തുടർച്ച എന്ന നിലയിൽ പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ചാൽ ബാക്കി പലിശയും പിഴയും ഒഴിവാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ നികുതിയ്ക്ക് യാതൊരു ഇളവും നൽകിയിട്ടില്ല; പിഴയും പലിശയുടെ പകുതിയും മാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി പൂർണമായി നികുതി ഒടുക്കേണ്ടതായി വരും. ആയതിനാൽ, ഖജനാവിൽ നികുതി ഇനത്തിൽ എത്തേണ്ട തുകയിൽ യാതൊരു കുറവുമുണ്ടാകുന്നില്ല. 2025 സാമ്പത്തിക വർഷത്തിൽ ബാർ ഹോട്ടലുകൾക്ക് പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ചാൽ ബാക്കി പലിശയും

പിഴയും ഒഴിവാക്കി നൽകുമെന്ന വ്യവസ്ഥകൾ ധനബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ധനബില്ല് പാസാകുമ്പോൾ മാത്രമാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനമുണ്ടാകുന്നത്.

(സി) മുൻകാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട ആംനെസ്റ്റി സ്കീമിന്റെ തുടർച്ചയായാണ് ഈ വർഷം ബാർ ഹോട്ടലുകൾക്ക് ആംനെസ്റ്റി പ്രഖ്യാപിച്ചത്. 2019-ൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി 2020, 2021, 2022 എന്നീ വർഷങ്ങളിലും തുടർന്നിരുന്നു. എന്നാൽ, കോവിഡും അനുബന്ധപ്രശ്നങ്ങളും കാരണം പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ മിക്ക നികുതിദായകർക്കും സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ വർഷം പദ്ധതി പ്രഖ്യാപിച്ചത്. കോടതി വ്യവഹാരമുള്ളതും പഴക്കമേറിയതുമായ കുടിശ്ശികകൾ തീർപ്പുകൽപ്പിക്കുന്നതടക്കമുള്ള അവസരം ഇതിലൂടെ ലഭ്യമാകുകയും, ദീർഘകാലമായി ഖജനാവിൽ എത്താതിരുന്ന തുകകൾ ഖജനാവിൽ എത്തുന്നതിന് ഇതിലൂടെ വഴിയൊരുങ്ങുകയും ചെയ്യും.

<u>ശ്രീമതി കെ. കെ. രമ</u>: സർ, 2008, 2013, 2021, 2024-ലും എല്ലാം ആംനെസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. കുടിശ്ശികകൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് കഴിയുന്നില്ല. വീണ്ടും വീണ്ടും ആംനെസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ച് കുടിശ്ശിക അടയ്ക്കുന്നതിൽനിന്ന് നികുതിക്കാരെ പിന്നോട്ടടുപ്പിക്കുകയും ഇളവുകൾക്കായി കാത്തുനിൽക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണുണ്ടാകുക. ഇത്തരം ഇളവുകൾ പ്രഖ്യാപിക്കുന്നത് അംശദായം അടച്ച് തുക മുടക്കിയ തൊഴിലാളികൾക്കല്ല, കർഷകർക്കല്ല, വിദ്യാർഥികൾക്കല്ല മദ്യ കച്ചവടം നടത്തി ലാഭം കൊയ്യുന്ന മുതലാളിമാർക്കാണ്. ഇത്തരം സൗജന്യങ്ങൾ പ്രഖ്യാപിക്കുന്നത് നിർത്തി കർശനമായി റവന്യൂ റിക്കവറിയിലൂടെ ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വളരെ കർശനമായ നടപടിയാണ് നികുതി പിരിക്കുന്നതിന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് തരം ആംനെസ്റ്റികളാണുള്ളത്, ജനറൽ ആംനെസ്റ്റിയിൽ വളരെ പഴക്കമുള്ള, 13000/- കോടി രൂപയോളം, പലപ്പോഴായി കിടക്കുന്ന തുകകളാണ്.

അതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കഴിഞ്ഞപ്രാവശ്യം ജനറൽ ആംനെസ്റ്റിയിൽ ഏകദേശം 22000-ത്തോളം വരുന്ന ഏറ്റവും താഴെ തുക അടയ്ക്കേണ്ടവരുടേത് ഒഴിവാക്കി ബാക്കിയുള്ളത് നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി പിരിച്ചെടുത്ത കണക്കുകളെല്ലാം വിശദമായിട്ടുണ്ട്. ഇപ്പോഴും ഇക്കാര്യത്തിൽ കോവിഡ് സമയത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആംനെസ്റ്റി പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളതിന്റെ കണക്കുകളുണ്ട്. ഇതിനോടൊപ്പം കൃത്യമായി തുക പിരിച്ചെടുക്കാനുള്ള മറ്റ് പരിശോധനകൾ നടക്കുന്നുണ്ട്. ആ പരിശോധനകളുടെ ഭാഗമായി ധാരാളം തുക അടയ്ക്കുന്നുണ്ട്. ഇൻവെസ്റ്റിഗേഷന്റെ കാര്യം ഇവിടെ നടക്കുന്നുണ്ട്. അങ്ങനെ ഇളവ് നൽകുന്നുവെന്നതല്ല. പക്ഷെ, സാമ്പത്തിക സംവിധാനത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും പ്രഖ്യാപിക്കുന്ന ആംനെസ്റ്റികളുടെ ഭാഗമായാണ് ഇത്തരം ആംനസ്റ്റികൾ പ്രഖ്യാപിക്കുന്നത്. കാരണം തുക കോടതിയിലും കേസിലും പെട്ട് റവന്യൂ റിക്കവറി ഉൾപ്പെടെ..., മിക്കവാറും എല്ലാ കേസുകളിലും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള കാര്യങ്ങളാണുള്ളത്.

അപ്പോൾ റവന്യൂ റിക്കവറി അടക്കം കേസിൽപ്പെട്ട് ദീർഘകാലമായി പോകുന്നു. തുക അടയുന്നില്ലെന്നുള്ളത് ഒഴിവാക്കാൻ അവർക്കൊരു അവസരം നൽകുന്നുവെന്നുള്ളത് തന്നെയാണ് ഇതിന്റെ കാര്യം.

ശ്രീമതി കെ. കെ. രമ: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ട് കൊണ്ടല്ല, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട പ്രധാനപ്പെട്ട വിഷയമാണ്. സംസ്ഥാനത്തെ പല സ്കോളർഷിപ്പുകളും ലഭ്യമാകുന്നില്ല. അതിൽ പ്രധാനമായും 'ബി.പി.എൽ.' സ്കോളർഷിപ്പ്, വിധവകളുടെ മക്കൾക്കുള്ള 'പടവുകൾ' സ്കോളർഷിപ്പുകൾ ഉൾപ്പെടെ പ്രൊഫഷണൽ കോളേജിലെ കോഴ്സുകൾക്ക് ചേർന്ന് വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. മറ്റ് പലരിൽനിന്നും തുക വാങ്ങിയും ലോണെടുത്തുമാണ് അവർ കുട്ടികളെ പഠിപ്പിക്കുന്നത്. ഇപ്പോൾ ആത്മഹത്യയുടെ വക്കിൽ വരെ നിൽക്കുന്ന കുടുംബങ്ങളുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൽ ചോദിക്കുമ്പോൾ ധനകാര്യ വകുപ്പ് തുക അനുവദിക്കുന്നില്ലെന്നാണ് പറയുന്നത്. ഈ സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും അതിന് മറുപടി പറയാം. കാരണം ഈ പറഞ്ഞ തെറ്റിദ്ധാരണ ബഹുമാനപ്പെട്ട മെമ്പർക്ക് ഉൾപ്പെടെയുള്ളത് ദൂരീകരിക്കുന്നതിന് സഹായകരമാകും. ഇന്നലെ പത്രത്തിൽ വന്ന വാർത്ത 40 കോടി രൂപ വച്ചിട്ടുള്ള ഒ.ഇ.സി. സ്കോളർഷിപ്പിന് ബാക്കി കിട്ടാനുള്ളത്...., അതിൽ 200 കോടി രൂപ ഇന്നലെ അനുവദിച്ച വാർത്ത വന്നു. ഗവൺമെന്റ് വ്യവസ്ഥാപിതമായി നൽകേണ്ട എല്ലാ സ്കോളർഷിപ്പുകളും.., പ്രത്യേക പദ്ധതിയിൽ ഒരു വർഷത്തേയ്ക്ക് പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള പദ്ധതിയല്ല ഞാൻ പറയുന്നത്, എസ്.സി/എസ്.ടി സ്കോളർഷിപ്പും ഒ.ഇ.സി., ഒ.ബി.സി. മറ്റ് ഓരോ മേഖലയിലും നൽകുന്ന സ്കോളർഷിപ്പുകളും മുഴുവനും നൽകുകയെന്നതാണ് സമീപനം. കഴിഞ്ഞദിവസം ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ തുക നൽകുന്നില്ലെന്നൊരു ധാരണ വരുത്താൻ ചില വാർത്തകൾ വരുന്നുണ്ട്. പക്ഷേ ഇങ്ങനെയുള്ള സ്കോളർഷിപ്പുകൾക്കും ഏറ്റവും സാധാരണക്കാരെ സഹായിക്കേണ്ട കാര്യങ്ങൾക്കും ഒരു കുറവും വരുത്തുന്ന കാര്യമില്ല. അതുകൊണ്ട് ഈ പണം മുഴുവൻ...., ഇത്തരം ചെറിയ

സ്കോളർഷിപ്പുകൾ ധാരാളമുണ്ട്, അതെല്ലാം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തുനിന്നും അതിനുള്ള അപേക്ഷകൾ, പലപ്പോഴും എസ്.സി./എസ്.ടി., ഒ.ബി.സി. മേഖലകളിൽനിന്നും നാലും അഞ്ചും വർഷം മുമ്പുള്ള അപേക്ഷകളാണ് വരുന്നത്. അങ്ങനെയല്ല, കറണ്ട് അയി തന്നെ അപേക്ഷകൾ അയയ്ക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുതന്നെ നിർദേശം നൽകിയിട്ടുണ്ട്, ധനകാര്യവകുപ്പ് ആ നിലപാടെടുത്തിട്ടുണ്ട്. അത് വരുന്നതിനനുസരിച്ച് കാലവിളംബമില്ലാതെ, കുടിശ്ശികയില്ലാതെ എല്ലാം നൽകാനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതിനായി തുക മാറ്റിവച്ചിട്ടുണ്ട്, അയച്ചിട്ടുമുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അയൽ സംസ്ഥാനങ്ങളിലെ മദ്യ വിലയുമായി താരതമ്യം ചെയത് നോക്കുമ്പോഴുള്ള വ്യത്യാസം കാരണം നമ്മുടെ അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലേക്ക് അതിർത്തി ജില്ലകളിൽനിന്നും ധാരാളം ആളുകൾ പോയി മദ്യം വാങ്ങി കൊണ്ടുവരികയാണ്. മാതൃഭൂമി നടത്തിയൊരു പഠനത്തിൽ ഇത് തെളിഞ്ഞിട്ടുള്ളതാണ്. മാത്രമല്ല, അടുത്തകാലത്ത് ഡിസ്കൗണ്ട് സെയിൽ

വരെ നമുക്ക് നടത്തേണ്ടിവന്നു. അയൽ സംസ്ഥാനങ്ങളുടെ വിലയും കൂടി കണക്കിലെടുത്തുകൊണ്ട് നികുതി ഡിസൈൻ ചെയ്താൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുകയും അതുവഴി നമുക്ക് സെയിൽസും നികുതി വരുമാനവും വർധിപ്പിക്കുന്നതിന് കഴിയുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മദ്യത്തിന്റെ നികുതിയുടെ കാര്യത്തിൽ വാസ്തവത്തിൽ കഴിഞ്ഞ നാലുവർഷമായി ഒരു വ്യത്യാസവും ടാക്സ് റേറ്റിൽ വരുത്തിയിട്ടില്ല. വാസ്തവത്തിൽ വില വർധിക്കാത്ത ഒരുല്പന്നമാണെന്ന് പറയാം. ഇവിടെ ഈ പറഞ്ഞതുപോലെ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നികുതിയുടെ കാര്യത്തിൽ കൂടുതൽ വ്യത്യാസം വരേണ്ടതില്ല എന്നുള്ളതുകൊണ്ടാണ്. എന്നാൽ തൊട്ടടുത്ത സ്റ്റേറ്റുകൾ ഈ സമയത്ത് നികുതി വർധിപ്പിച്ചിട്ടുണ്ടെന്നുള്ള കണക്കുകളുണ്ട്. കർണ്ണാടക ഈയടുത്ത് വർധിപ്പിച്ചു. തമിഴ്നാട്ടിൽ വർധനയുണ്ട്. അവിടങ്ങളിലൊക്കെ നമ്മൾ എടുക്കുന്ന സമീപനവും അവരുടെ സമീപനവും തമ്മിൽ വ്യത്യസ്തമായ രീതികളുണ്ടാകും. നമ്മൾ നികുതി വർധിപ്പിച്ചിട്ടില്ല. അംഗം സൂചിപ്പിച്ച്

ഡിസ്കൗണ്ട് സെയിൽ ഒന്നും ബിവറേജസ് കോർപ്പറേഷന്റേത് അല്ല. ഏതോ ഒരു കമ്പനി അവരുടെ ഉല്പന്നം നിർത്തിയപ്പോൾ അവരുടെ ഉല്പന്നം വിറ്റു എന്നുള്ള വാർത്ത ഞാനും കണ്ടു. ആ കമ്പനിയുടെ ഉല്പന്നം മൊത്തത്തിൽ നിർത്തിയപ്പോഴാണ് അങ്ങനെ വന്നത്, അല്ലാതെ അതിൽ ഡിസ്കൗണ്ട് സെയിലിന്റെ കാര്യമില്ല. നിലവിൽ കേരളത്തിൽ കംപാരറ്റീവായി വില വർധിക്കാത്ത സ്ഥിതിയുണ്ട്. എന്നാൽ ക്വാളിറ്റിയുള്ള സാധനങ്ങൾ ഉത്തരവാദിത്വത്തോടുകൂടി നൽകാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് മദ്യനയം സംബന്ധിച്ചുള്ള പോളിസി, അതിന്റെ വില നിർണ്ണയം തുടങ്ങിയ കാര്യങ്ങൾക്ക് എന്തെങ്കിലും അപാകതയുണ്ടെന്നുള്ളത് സംബന്ധിച്ച പരാമർശം ഏതെങ്കിലും ഏജൻസിയുടെ ഭാഗത്തുനിന്നും വന്നിട്ടില്ല. തൊട്ടടുത്ത അതിർത്തിയിലുള്ളവർ അപ്പുറത്തുപോയി ചിലപ്പോൾ മദ്യപിക്കും. കാരണം മാഹിയിലെ മദ്യത്തിന്റെ വിലയിലേക്ക് നമുക്ക് മത്സരിക്കാൻ കഴിയില്ല. അത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകും, അല്ലാതെയുള്ള കാര്യങ്ങളില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, കിട്ടാക്കടം എന്ന് വ്യാഖ്യാനിച്ചാണല്ലോ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചത്. കിട്ടാക്കടം എന്ന തീരുമാനത്തിന്റെ അടിസ്ഥാനം

എന്താണെന്നും അബ്കാരി നിയമത്തിലുൾപ്പെട്ട ഏതൊക്കെ കടം, ഏതൊക്കെ കാലയളവിനെ സംബന്ധിച്ചാണെന്നും, വിവിധയിനം കടങ്ങൾക്ക് നൽകുന്ന ഇളവുകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വിശദമായ മറുപടി ഞാൻ നൽകിയിട്ടുള്ളതാണ്. അത് ബജറ്റ് പ്രസംഗത്തിലുമുണ്ട്. രണ്ടുതരം ആംനെസ്റ്റിയാണ് പൊതുവിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കിട്ടാക്കടത്തിന്റെ ഭാഗമായി നമ്മൾ കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ച ആംനെസ്റ്റിയിൽ ഉയർന്ന തുകയ്ക്കുള്ള ആംനെസ്റ്റി റേറ്റ് കുറവായിരുന്നു. 60 ശതമാനം വരെ മാത്രം ആംനെസ്റ്റി ലഭിക്കുന്നത് കേസിൽപ്പെട്ട് കിടക്കുന്ന സാഹചര്യമുണ്ടായിരുന്നു. അതിൽ വലിയതരത്തിലുള്ള കണക്കുകളുണ്ട്, അതെല്ലാം ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. അതാണ് ജനറൽ ആംനെസ്റ്റി. ഇതുകൂടാതെ ബാറുകളുമായി ബന്ധപ്പെട്ട് 2019, 2020, 2021 വർഷങ്ങളിൽ പ്രഖ്യാപിച്ചിരുന്ന ആംനെസ്റ്റി കുറച്ചുകാലംകൂടി ദീർഘിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ആംനെസ്റ്റി വന്നിട്ടുള്ളത്. ആംനെസ്റ്റിയുടെ ഭാഗമായി ലഭിക്കേണ്ട പണം തിരിച്ച് ലഭിക്കുകയെന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. മറുവശത്ത്, ഇതിന്

കർശനമായി നിലപാടെടുക്കുകയും ചെയ്യുന്നുണ്ട്. പണം അടയ്ക്കാത്ത 36 ബാറുകളുടെ ലൈസൻസ് ഇതിനിടയിൽ ക്യാൻസൽ ചെയ്തിരുന്നു. 'സാമം, ദാനം, ഭേദം, ദണ്ഡം' എന്ന നിലപാടാണ് ഇക്കാര്യത്തിലെടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ കേസുകളും റവന്യൂ റിക്കവറിയ്ക്കായി നൽകിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നടന്നുവരികയാണ്. ലൈസൻസ് റദ്ദ് ചെയ്യുകയും റവന്യൂ റിക്കവറി ചെയ്യുകയും ചെയ്തുവരുന്നുണ്ട്. അതേസമയം തുക അടച്ച് തീർക്കുകയെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിനുവേണ്ടുന്ന ആംനെസ്റ്റി നൽകുകയും ചെയ്യുന്നുണ്ട്. വൻകിട ബിസിനസ്സിലും മറ്റ് ജനറലായുള്ള ട്രേഡിങ് രംഗത്തും ആംനെസ്റ്റി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായും വ്യത്യാസം വരുന്നുണ്ട്. അതുകൊണ്ടാണ് ആംനെസ്റ്റി ഇത്തവണയും ആവർത്തിച്ച് നൽകിയിട്ടുള്ളത്. പത്തും മുപ്പതും വർഷം ഇക്കാര്യങ്ങൾ കേസിൽപ്പെട്ട് കിടക്കുന്നതിനുപകരം തുക ഖജനാവിലേയ്ക്ക് വരുന്നതിനാണ് ആംനെസ്റ്റി എന്ന ആശയം വച്ചിട്ടുള്ളത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ബാറുകളിൽ നിർബന്ധമായും നടപ്പാക്കേണ്ട വാർഷിക ഇന്റലിജൻസ് പരിശോധന 2017 മുതൽ നടപ്പാക്കാത്തതിനാൽ

ബാറുകൾ വ്യാപകമായി നികുതി വെട്ടിക്കുന്നുവെന്നുള്ള ആക്ഷേപമുണ്ട്. സംസ്ഥാനത്തെ 3 Star, 4 Star, 5 Star, 7 Star ഹോട്ടലുകളും ഹെറിറ്റേജ് വിഭാഗത്തിൽപ്പെട്ട ബാർ ഹോട്ടലുകളും സമർപ്പിക്കുന്ന റിട്ടേണുകളിൽ turnover tax ഒടുക്കുന്നതിനായി ഡിക്ലയർ ചെയ്യുന്ന ശരാശരി ലാഭശതമാനം എത്രയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ബാറുകളുടെ TOT (Turn Over Tax) വരുമാനം യഥാർത്ഥമാണോയെന്ന് പരിശോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബാറുകളെ സംബന്ധിച്ച പരിശോധന കൃത്യമായി നടത്തുന്നുണ്ട്. ഈ വർഷംതന്നെ 90-ഓളം ബാറുകളിൽ പരിശോധന നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി പണം ലഭ്യമാക്കുന്നതിനുള്ള ശ്രമം ബാറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. കൂടാതെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. TOT-യെ സംബന്ധിച്ച് അതിൽ Compounding സംവിധാനവും അല്ലാതെ പൊതുവായി കയറി കണക്ക് പരിശോധിക്കുന്ന സംവിധാനവുമാണുള്ളത്. Compounding സംവിധാനത്തിൽ ഓരോ മേഖലക്കും പ്രത്യേക റേറ്റുകളുണ്ട്.

ഇത് അർബൺ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന നിലയിലാണ്. ബാറിന്റെ കാര്യത്തിൽ പരിശോധന നല്ലരീതിയിൽ നടന്നിട്ടുണ്ടെന്ന് മാത്രമല്ല, നമ്മുടെ പൊതു ഇന്റലിജൻസ് പ്രവർത്തനവും ഇക്കാര്യത്തിലുണ്ട്. സംസ്ഥാനത്തെ നികുതി പിരിവിനായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയുണ്ടാകുകയും ഇന്റലിജൻസ് ശക്തമാക്കുന്നതിന് തീരുമാനിക്കുകയും പ്രത്യേക അരിയർ റിക്കവറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഈ നാലുകാര്യങ്ങളും പൊതുവിൽ ഇതിനെയെല്ലാം ബാധിക്കുന്ന തരത്തിൽ വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി 2021-22-ൽ ഇന്റലിജൻസ് പ്രവർത്തനത്തിലൂടെ കണ്ടെത്തിയ തുക 78.60 കോടി രൂപയും തിരിച്ചടപ്പിച്ച തുക 47.8 കോടി രൂപയുമാണ്. സാധാരണഗതിയിലുണ്ടാകുന്നതിനപ്പുറം ഇന്റലിജൻസ് കണ്ടെത്തിയ തുകയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2022-23-ൽ 524.80 കോടി രൂപ കണ്ടെത്തുകയും 445.39 കോടി രൂപ അടപ്പിക്കുകയും നാലുപേരെ അതിന്റെ ഭാഗമായി അറസ്റ്റുചെയ്യുകയും ചെയ്തു. 2023-24-ൽ 1775.28 കോടി രൂപ കണ്ടെത്തുകയും 1709.50 കോടി രൂപ അടപ്പിക്കുകയും പ്രത്യേക നിയമപ്രകാരം

അഞ്ചുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. 2024-25 ഫെബ്രുവരി വരെ 699.61 കോടി രൂപ കണ്ടെത്തുകയും 445.47 കോടി രൂപ അടപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് മൂന്നുപേരെ അറസ്റ്റു ചെയ്യുകയും ചെയ്തു. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ 3078.29 കോടി രൂപ ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും 2648 കോടി രൂപ ഖജനാവിലേയ്ക്ക് അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശക്തമായ നിലപാടെടുത്തുതന്നെയാണ് ഈ മേഖല മുന്നോട്ടുപോകുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് - കഴിഞ്ഞവർഷമാണ് ഓഡിറ്റ് സമ്പ്രദായം ആരംഭിച്ചത്. അതിന്റെ ഭാഗമായും സാധാരണരീതിയിൽനിന്നും വ്യത്യസ്തമായി നല്ലൊരു തുക കണ്ടെത്തുന്നതിനും അടപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിവിധ റെയ്ഡുകളും പരിശോധനകളും ഇതുമായി ബന്ധപ്പെട്ട് നടക്കുന്നതിന്റെ വാർത്തകളും മറ്റും ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും കാണുന്നതാണ്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ, സർക്കാരിന്റെയും ജനങ്ങളുടെയും ഒരു രൂപപോലും വെട്ടിക്കാൻ ഒരാളെയും സമ്മതിക്കില്ലെന്നുള്ള ശക്തമായ നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്.

കടൽത്തീര പ്രദേശങ്ങളിലെ മണൽ നിക്ഷേപം

5 (*485) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ നിക്ഷേപമുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മണൽ നിക്ഷേപമുള്ള സ്ഥലങ്ങൾ ലേലം ചെയ്ത് നൽകാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) സംസ്ഥാനം ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) ഉണ്ട്. കേന്ദ്ര നിയമമായ ‘ The Offshore Areas Mineral (Development and Regulation) Act, 2002,’ -ൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികളുടെ അഭിപ്രായ സ്വരൂപണ വേളയിൽ കടൽ ഖനനം സംബന്ധിച്ച സംസ്ഥാനത്തിന്റെ എതിർപ്പ് രേഖാമൂലം കേന്ദ്രസർക്കാരിനെ 11-03-2023- ൽ അറിയിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ, ആക്റ്റിന്റെ ഭേദഗതിയുമായി മുന്നോട്ടുപോകുകയും 11-08-2023- ൽ ഭേദഗതി വിജ്ഞാപനമാകുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാർ 11-01-2025-ൽ കൊച്ചിയിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര ഖനി സെക്രട്ടറി മുൻപാകെ സംസ്ഥാനത്തിന്റെ നയപരമായ നിലപാടും കടൽഖനനം സംബന്ധിച്ച എതിർപ്പും ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒഡീഷയിലെ ഭുവനേശ്വറിൽ 19-01-2025-ൽ ചേർന്ന 64-ാം Central Geological Programming Board-ൽ, ഓഫ് ഷോർ

ഖനനം സംബന്ധിച്ച് കേരളം ഉന്നയിച്ച പാരിസ്ഥിതികമായ ഉത്കണ്ഠകൾ ചർച്ചയ്ക്ക് വരികയും ആയത് സംബന്ധിച്ചുള്ള പഠനം നടത്താൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്ന സ്ഥാപനത്തിനോട് കേന്ദ്ര ഖനി സെക്രട്ടറി നിർദേശിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്റ്റ് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിശദമായ കത്ത് 13-02-2025-ൽ സർക്കാരിൽനിന്നും കേന്ദ്ര ഖനി സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. കടൽ ഖനനം സംസ്ഥാനത്തുണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവും തൊഴിൽപരവുമായ പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര മത്സ്യബന്ധന വകുപ്പുമന്ത്രിക്കും ഖനി വകുപ്പുമന്ത്രിക്കും സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി 27-02-2025-ൽ കത്ത് നൽകിയിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 04-03-

2025- ൽ കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതുമാണ്. മേൽപ്രകാരം കടൽ ഖനനത്തിനായുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ വിവിധതലങ്ങളിൽ എതിർപ്പ് രേഖപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ആവാസ വ്യവസ്ഥയെ തകർക്കുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതും കടലോരജീവിതം തന്നെ ദുരിതപൂർണ്ണമാക്കുന്നതുമാണ് കടലോരത്തെ മണൽ ഖനനം. കേന്ദ്ര സർക്കാർ അതുമായി മുന്നോട്ടുപോകുകയാണെന്നാണ് അറിയുന്നത്. നിയമസഭ അതിനെതിരായി പ്രമേയം പാസ്സാക്കിയെന്നുള്ളത് വസ്തുതയാണ്. ഈ പ്രമേയം പാസ്സാക്കിയതിന്റെ മറവിൽ ഇതിന് മൗനാനുവാദം നൽകുകയാണോ; ഇക്കാര്യം തടയാൻ മറ്റ് പദ്ധതികളെന്തെങ്കിലും ആവിഷ്കരിക്കുന്നുണ്ടോ; എന്താണ് പദ്ധതി?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ അംഗത്തിന്റെ ഒരു പരാമർശം എന്താണെന്ന് വ്യക്തമായില്ല. പ്രമേയം പാസ്സാക്കിയതിന്റെ മറവിൽ മൗനാനുവാദം നൽകുകയാണോയെന്ന ചോദ്യം ആരോടാണെന്നും

വ്യക്തമായില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് വ്യക്തമായ/ അസന്നിഗ്ധമായ നിലപാടാണുള്ളത്. 2002-ലെ കേന്ദ്ര നിയമമായ ‘ The Offshore Areas Mineral (Development and Regulation) Act, 2002,’ എന്ന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന അഭിപ്രായ സ്വരൂപണ വേളയിൽത്തന്നെ കടൽ ഖനനം സംബന്ധിച്ച സംസ്ഥാനത്തിന്റെ എതിർപ്പ് രേഖാമൂലം 11-03-2023 ൽ കേന്ദ്രസർക്കാരിനെ അറിയിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ, ആക്റ്റിന്റെ ഭേദഗതിയുമായി മുന്നോട്ടുപോകുകയും 11-08-2023 ൽ ഭേദഗതി വിജ്ഞാപനമാകുകയും ചെയ്തു. അതുസംബന്ധിച്ച് കേന്ദ്രസർക്കാർ 11-01-2025-ൽ കൊച്ചിയിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാനത്തിന്റെ നയപരമായ നിലപാടും അതുപോലെ എതിർപ്പും ആശങ്കയും വ്യക്തമായി അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവുമായ വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് രേഖാമൂലം

ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 19-01-2025-ൽ ഒഡീഷയിലെ ഭുവനേശ്വറിൽ ചേർന്ന 64-ാം Central Geological Programming Board-ൽ ഓഫ് ഷോർ ഖനനം സംബന്ധിച്ച് കേരളം ഉന്നയിച്ച പാരിസ്ഥിതികമായ ഉത്കണ്ഠകൾ ചർച്ച ചെയ്യുകയും അതുസംബന്ധിച്ച് പഠനം നടത്താൻ, ' National Institute of Oceanography' എന്ന സ്ഥാപനത്തോട് കേന്ദ്ര ഖനി സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു. ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്ട് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 13-02-2025-ൽ സർക്കാരിൽനിന്നും കേന്ദ്ര ഖനി സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. മാത്രമല്ല, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കടൽ ഖനനം സംസ്ഥാനത്തുണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവും തൊഴിൽപരവുമായ പ്രത്യാഘാതങ്ങൾ വിശദമാക്കിക്കൊണ്ട് കേന്ദ്ര ഖനി വകുപ്പുമന്ത്രിക്കും കേന്ദ്ര മത്സ്യബന്ധന വകുപ്പുമന്ത്രിക്കും ഫിഷറീസ് വകുപ്പ് മന്ത്രി 27-02-2025 ൽ കത്തയച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഒടുവിൽ, 04-03-2025 ൽ കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതുമാണ്. എല്ലാതലത്തിലുമുള്ള എതിർപ്പ് സംസ്ഥാന സർക്കാർ പ്രസ്തുത വിഷയത്തിൽ അറിയിച്ചിട്ടുണ്ട്. ആ എതിർപ്പ് ശക്തമായി

തുടരുകയാണ്. ഒരുതരത്തിലും ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനത്തിൽ ഒരു അവ്യക്തതയും ആശയക്കുഴപ്പവുമില്ല. അതുകൊണ്ടാണ് നിയമസഭ ഏകകണ്ഠമായിതന്നെ പ്രമേയം പാസ്സാക്കിയിട്ടുള്ളത്. അങ്ങയുടെ ചോദ്യത്തിന് ഒരു ദുഷ്ടലാക്കുണ്ട് എന്നകാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേന്ദ്രം കടലോരത്തുനിന്നും എന്നപോലെ സംസ്ഥാനം പുഴയോരത്തുനിന്നും മണൽ വാരാനുള്ള തീരുമാനമെടുത്തു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ഇതുകൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ടോ; ഒരു ജനകീയ പഠനത്തിന് തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, രണ്ടും സമാനമാണെന്നാണ് ചോദ്യത്തിന്റെ ധ്വനി. അതുതന്നെ യഥാർഥത്തിൽ കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ ഖനനത്തെ പിന്തുണക്കുന്നതും ന്യായീകരിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ ചോദ്യം വളരെ വിചിത്രമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ആഴക്കടൽ ഖനനം വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുകയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ,

തൊഴിലിനെ എല്ലാം ഇല്ലാതാക്കുകയും കടലിന്റെ പാരിസ്ഥിതിക സന്തുലനത്തെ ആകെ തകർക്കുന്നതാണ്. അതുപോലെയല്ല, പുഴയിലെ മണലെടുക്കുന്നത്. പുഴയിലെ മണലെടുക്കേണ്ടത് വെള്ളപ്പൊക്കം തടയുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമാണ്. മാത്രമല്ല, വലിയൊരു റിസോഴ്സ് എന്ന നിലയിലും അതുപയോഗിക്കേണ്ടതാണ്.

മി. സ്പീക്കർ: ഓർഡർ........ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)